"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരുടെ പുനരധിവാസം - ടൗൺഷിപ്പ് നിർമ്മിക്കുന്നതിനും ദുരന്ത ബാധിതരുടെ പുനരധിവാസത്തിനായി സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(കൈ) നം.2/2025/DMD തീയതി,തിരുവനന്തപുരം, 15-01-2025

പരാമർശം:-

1. സഉ(പി)നം. 2/2024/ഡിഎംഡി തീയതി 09.08.2024
2. സഉ(കൈ)നം. 11/2024/ഡിഎംഡി തീയതി 04.10.2024
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIFB & KIFCON ന്റെ 11/11/2024 ലെ CEO-KIIFB-2024111101 നമ്പർ കത്ത്
4. സ.ഉ(സാധാ)നം. 866/2024/ഡിഎംഡി തീയതി 26.11.2024
5. സഉ(സാധാ)നം.10/2025/ഡിഎംഡി തീയതി 04.01.2025

ഉത്തരവ്

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ മുണ്ടക്കൈ ചൂരൽമല പ്രദേശത്ത് 30.7.2024 ൽ ഉണ്ടായ ഉരുൾപ്പൊട്ടൽ ബാധിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മാതൃകാ ടൗൺഷിപ്പ് നിർമ്മിക്കുന്നതാണെന്നും, ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി KIIFB യെ ചുമതലപ്പെടുത്തുന്നതാണെന്നും കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി പ്രസ്താവന നടത്തിയിരുന്നു.

മേൽ പ്രസ്താവന പ്രകാരം ടൗൺഷിപ്പ് പദ്ധതിക്കായുള്ള ആസൂത്രണം കിഫ്ബി ആരംഭിക്കുകയും ഇതിന്റെ ചുമതല കിഫ്ബിയുടെ പദ്ധതി നടത്തിപ്പ് ഏജൻസിയായ KIIFCON PVT Ltd നെ (KIIFB യുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള അനുബന്ധ കമ്പനി) ഏൽപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. വിശദമായ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് KIIFCON തയ്യാറാക്കുകയും ആയത് പരാമർശം (3)പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചുവടെ കാണുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIFB & KIFCON സമർപ്പിച്ചിട്ടുണ്ട്.

1. എൽസ്റ്റോൺ എസ്റ്റേറ്റ് കൽപ്പറ്റയിലും നെടുമ്പാലയിലും നിർദ്ദേശിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഏരിയ വിശദാംശങ്ങൾ.

2.വിശദമായ പ്രോജക്ട് റിപ്പോർട്ട്.

3. ഇപിസി കരാറും ടെൻഡർ രേഖകളും ഭാഗം-1 നിർദ്ദേശങ്ങൾക്കായുള്ള അഭ്യർത്ഥന (RFP).

4. EPC കരാറും ടെൻഡർ രേഖകളും ഭാഗം-2 തൊഴിലുടമയുടെ ആവശ്യകതകൾ.

5. ഇപിസി കരാറും ടെൻഡർ രേഖകളും ഭാഗം-3 സാങ്കേതിക സവിശേഷതകൾ.

6. ഇപിസി കരാറും ടെൻഡർ രേഖകളും ഭാഗം-4 ഡ്രോയിംഗുകൾ.

7. ഇപിസി കരാറും ടെൻഡർ രേഖകളും ഭാഗം-5 കരാറിന്റെയും കരാർ ഫോമുകളുടെയും വ്യവസ്ഥകൾ.

8. തൊഴിലുടമയുടെ പ്രതിനിധികളുടെ റോളും ഉത്തരവാദിത്തങ്ങളും. FIDIC കരാർ.

ടൗൺഷിപ്പ് നിർമാണം സംബന്ധിച്ച കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പരിശോധനക്ക് ശേഷം താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ ഭരണവകുപ്പായി ദുരന്തനിവാരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

2. ടൗൺഷിപ്പ് സമയബന്ധിതമായി നിർമ്മിക്കേണ്ടത് അത്യാവശ്യമായതിനാൽ, EPC കരാർ പ്രമാണങ്ങൾ ധനകാര്യ വകുപ്പിന്റെ സൂക്ഷമ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന വ്യവസ്ഥയോടെ പദ്ധതിയ്ക്ക് അനുമതി നല്കുന്നു.

3. പദ്ധതി കാലയളവിലേക്ക് പദ്ധതി ചെലവിന്റെ (ഭൂമി വില ഒഴിവാക്കികൊണ്ടുള്ള പദ്ധതി ചെലവ്) യഥാർത്ഥ ചെലവ് ലാഭരഹിത അടിസ്ഥാനത്തിൽ നൽകി കൊണ്ട് KIIFCON നെ PMC/ എംപ്ലോയർ പ്രതിനിധിയായി നിയമിക്കുന്നു. PMC ജോലികൾ ഏറ്റെടുക്കുന്നതിന് KIIFCON നെ ധനകാര്യ വകുപ്പിന്റെ ഔപചാരിക എംപാനൽമെന്റ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കരാറുകാരായി നിയമിക്കുന്നു.

5. വയനാട് ടൗൺഷിപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ/തൊഴിലുടമയുടേയും, പി.എം.സി/തൊഴിലുടമ പ്രതിനിധിയുടേയും പ്രവർത്തനം വിലയിരുത്താൻ ഒരു സ്വതന്ത്ര എഞ്ചിനീയർ, സ്വതന്ത്ര ഓഡിറ്റർ എന്നിവരടങ്ങിയ ഗുണമേന്മ ഉറപ്പാക്കൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തുന്നു.

6. മേപ്പാടി ഉരുൾപ്പൊട്ടൽ ബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപൊട്ടൽ ബാധിത

കുടുംബങ്ങൾക്കും വിലങ്ങാട്ടിലെ പുനരധിവസിപ്പിക്കേണ്ട ദുരന്തബാധിത കുടുംബങ്ങൾക്കും മാത്രമായി 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുവാൻ അനുമതി നല്കി ഉത്തരവാകുന്നു.

7. ടൗൺഷിപ്പ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള രണ്ട് എസ്റ്റേറ്റുകളുടേയും ഭൂമിയിൽ യഥാർത്ഥ ഗ്രൗണ്ട് സർവ്വേ നടത്തിയശേഷം ഉപയോഗയോഗ്യമായ ഭൂമി കണ്ടെത്തി നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

8. ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി KIIFCON സമർപ്പിച്ച പദ്ധതി നിർദ്ദേശത്തിലെ ഓപ്ഷൻ 3 അംഗീകരിക്കുന്നു. (കൽപ്പറ്റയിൽ 5 സെന്റ് പ്ലോട്ടുകൾ (എൽസ്റ്റോൺ എസ്റ്റേറ്റ് - 467 വാസയോഗ്യമായ യൂണിറ്റുകൾ), നെടുമ്പാലയിൽ 10 സെന്റ് പ്ലോട്ടുകൾ (266 പാർപ്പിട യൂണിറ്റുകൾ) ഏകദേശം പദ്ധതി ചെലവ് 632 കോടി രൂപ).

9. മേപ്പാടി ദുരന്ത ബാധിത പ്രദേശത്തെ ട്രൈബൽ കുടുംബങ്ങൾക്ക് പുനരധിവാസം നടപ്പിലാക്കുമ്പോൾ അവർക്കു ടൗൺഷിപ്പിൽ അല്ലെങ്കിൽ 15 ലക്ഷം രൂപയോ അല്ലെങ്കിൽ (അവരുടെ താൽപര്യപ്രകാരം) വന മേഖലയോട് ചേർന്ന് അരുവിയുടെയോ, തോടിന്റെയോ സമീപത്തോ ആവശ്യാനുസരണം ഗ്രാമസഭയുടെ അംഗീകാരത്തോടെ 2006 ലെ വനാവകാശ നിയമത്തിന് വിധേയമായി ഭൂമി അനുവദിക്കുന്നതിന് അനുമതി നല്കുന്നു.

10. സ്പോൺസർഷിപ്പ് ഫ്രെയിം വർക്ക് അംഗീകരിച്ച് ഉത്തരവാകുന്നു(അനുബന്ധമായി ചേർക്കുന്നു). ഫ്രെയിം വർക്ക് പ്രകാരമുള്ള മോണിറ്ററിങ്ങ് ആന്റ് കോഡിനേഷൻ കമ്മിറ്റികളും PIU യും രൂപീകരിക്കുന്നതിന് അനുമതി നല്കുന്നു.

11. ടൗൺഷിപ്പ് നിർമ്മാണത്തിനായി സ്പോൺസർഷിപ്പ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുന്നതിനും, പുനരധിവാസ പദ്ധതിക്കു വേണ്ടി ഉപയോഗിക്കുന്നതിനുമായി ഒരു Dedicated ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് വയനാട് ജില്ലാകളക്ടർക്ക് അനുമതി നല്കുന്നു.

12. വയനാട് പുനരധിവാസ പദ്ധതിക്കായി CMDRF, SDRF, സ്പോൺസർഷിപ്പ്, CSR ഫണ്ട്, PDNA യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന കേന്ദ്ര സഹായം (ലഭ്യമാക്കുന്ന മുറയ്ക്ക്) എന്നിവ ടൗൺഷിപ്പ് പ്രൊജക്ടിനായി വിനിയോഗിക്കാവുന്നതാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് രണ്ട് ഘട്ടമായിട്ടാണെങ്കിലും പുന:രധിവാസം ഒരുമിച്ച് നടപ്പിലാക്കുന്നതാണ്.

13. വയനാട് ടൗൺഷിപ്പ് പദ്ധതി നടത്തിപ്പിനായി താഴെപ്പറയുന്ന സമിതികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള വയനാട് പുനർനിർമ്മാണ സമിതി.

2 ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവും, പ്രമുഖ സ്പോൺസർമാരും

ഉൾക്കൊള്ളുന്ന ഉപദേശക സമിതി.

3. ചീഫ് സെക്രട്ടറി ചെയർപേഴ്സൺ ആയ ഏകോപന സമിതി

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIFB
ജില്ലാകളക്ടർ, വയനാട്, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
റവന്യൂ വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
വനം വന്യജീവി വകുപ്പ്
റവന്യൂ(ഡിആർഎഫ്) വകുപ്പ്
റവന്യൂ(എ) വകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 15-01-2025 11:08:31
സെക്ഷൻ ഓഫീസർ

SPONSORSHIP FRAMEWORK FOR THE REHABILITATION OF THE PEOPLE AFFECTED IN THE LANDSLIDES IN MEPPADI AND CHOORALMALA WARDS OF WAYANAD DISTRICT

FOR CONSTRUCTION OF REHABILITATION TOWNSHIPS

1. PROJECT IMPLEMENTATION UNIT FOR SPONSORSHIP MANAGEMENT

1.1. A Project Implementation Unit (PIU) for sponsorship management may be established under the District Disaster Management Authority (DDMA), Wayanad, with the approval of the Government.

2. ORGANISATIONAL STRUCTURE

2.1. The DDMA is chaired by the District Collector and co-chaired by the District Panchayat President. The PIU, under the DDMA, shall be headed by the District Collector. The DDMA shall periodically monitor and guide the working of the PIU.

2.2. The District Collector shall be supported by a Chief Operating Officer (COO) to handle the day-to-day operations and monitoring of the PIU. He may be an officer on deputation / contract with appropriate experience in the management of large projects. The COO shall report directly to the District Collector.

2.3. There shall be a 'Programme Officer' and a 'Finance and Accounts Officer' reporting to the COO. Both these officers may be appointed on deputation/ contract with due regard to their previous relevant experiences in similar projects/ areas.

2.4. The PIU will have clerical staff deputed from District Administration based on directions from Principal Secretary, Revenue and Disaster Management.

2.5. All officers, excluding the District Collector, shall be engaged solely for the purpose of the management of the sponsorships for the rehabilitation project.

3. SELECTION / RECRUITMENT PROCESS, RESPONSIBILITIES AND REMUNERATION

3.1. The criteria and process for selection/ recruitment of the employees of the PIU, including the minimum and desired qualifications, experience, etc. shall be set for both employees on deputation and contract. The roles, responsibilities, reporting structure, remuneration and other benefits of each employee shall also be defined.

4. OFFICE

4.1. The District Administration / DDMA shall provide the office space and provide support for the establishment of the office. The purchase of office equipment and hiring of vehicles shall be as per extant Government Orders.

5. EXISTING SPONSORSHIP RECEIVED – IN CASH AND KIND

5.1. The Government of Kerala has already received some sponsorships in cash as well as some commitments of sponsorships in cash and kind.

5.2. The Joint Commissioner, Land Revenue, shall hand over the list of existing sponsors, and the action taken so far, to the District Collector who heads the PIU. The Commissionerate shall also handhold the PIU to establish liaison with the sponsor, take over the implementation of the offers and manage standardised effective response to existing and future sponsors. An introductory letter regarding the PIU taking over sponsorship management shall be sent to every sponsor by Joint Commissioner, Land Revenue.

5.3. Donations have also been received through deposits in the Chief Minister's Distress Relief Fund (CMDRF) for Wayanad landslide relief. Special arrangements and orders shall be made by the Government on the utilisation of CMDRF for the township project in Wayanad and District Collector and PIU shall be empowered for implementation and monitoring the same.

5.4. The PIU shall enter the sponsorship details on the webportal so that it is reflected in the live dashboard envisaged below.

6. PROSPECTIVE SPONSORS

6.1. PIU shall also guide prospective sponsors and facilitate execution of their offers as per the framework outlined here.

6.2. PIU may reach out to companies, organisations, philanthropists etc. who are known to provide funds for disaster relief and other charitable purposes including Corporate Social Responsibility (CSR) funds.

6.3. A dedicated escrow account (SPV) shall be created with relevant approvals from the Government for the PIU to receive specific donations especially CSR funds as per the provisions of Companies Act, 2013.

6.4. The Kerala State Disaster Management Authority (KSDMA) has also received Corporate Social Responsibility (CSR) funds for the purpose. The implementation of such CSR projects shall be done as per the CSR rules laid out as per the Companies Act.

7. SPONSOR ID

7.1. PIU shall assign a unique Sponsor ID to each sponsor. The sponsors should be able to use this ID to track the progress of the implementation of their sponsored projects. The PIU may use such IDs to organise information relevant to each sponsor. All communications shall mention Sponsor ID for easy tracking. This will be implemented through the web portal and dashboard envisaged below.

8. SPONSORSHIP PORTAL AND DASHBOARD

8.1. The PIU shall develop a well-designed web portal with a dashboard for sponsorship management, by hiring an entity proficient in website and dashboard development.

8.2. The web portal shall have, among others, the following features.

- All information relevant to a sponsor willing to donate to rehabilitation efforts in Wayanad, including the different sponsorship options in cash and specific items for construction which will be accepted as sponsorships in kind. The portal should be able to guide a sponsor in the entire sponsorship process – from initiating an offer, executing the agreement with PIU, online payment/ delivery of items in kind, tracking the progress of implementation of their sponsored projects, contacting the PIU for clarifications or complaints and accessing the digital certificate after completion of the sponsored projects.
- A dashboard for effective sponsorship management.
- Newsletters, stories from the field for the information of sponsors and general public
- Generation of the unique sponsor ID
- Generation of digital certificates of recognition after completion of projects
- Contact details of nodal officers and PIU

9. SPONSORSHIP PROCESS AND IMPLEMENTATION – VARIOUS OPTIONS

9.1. As mentioned earlier, a dedicated escrow account may be opened in the name of the District Collector and head of PIU, with the approval of the Government.

9.2. All relevant details including the inclusion of the sponsor in the list of sponsors, conditions of sponsorship, rights of the sponsor, process of tracking the progress of implementation etc. may be clearly communicated to the sponsor and may be publicised through the web portal and the media. A tripartite agreement, as envisaged below, shall be executed for all sponsorships in kind or sponsorships in cash across multiple instalments.

9.3. The recognition awarded to the sponsor as per category of sponsorship shall be through certificates accessible through the web portal.

9.4. Once the sponsorship amount is paid, the certificate shall be generated (either digitally or manually) and issued.

9.5. A past sponsor may choose to once again sponsor in cash at a later stage, without making the commitment in advance. The sponsor may be guided to use the same 'Sponsor ID' and the certificate could mention that it is a second sponsorship. A tripartite agreement is not required to be executed.

9.6. The status of fulfilment of the sponsorship commitments as per anticipated timelines, issuance of sponsorship certificates (as acknowledgement), updating of official records, including on the website, periodic reporting to the Government of Kerala, etc. by the PIU shall be verified through records by the DDMA in the subsequent meetings.

9.7. The PIU shall incorporate the agreement details and the documents for each sponsor into the web portal. This should be made accessible to the sponsor using their unique Sponsor ID and the sponsor should be able to use the dashboard for tracking/ monitoring.

9.8. The PIU shall maintain a master data of sponsorships (cash or kind) committed, including the timelines agreed to and the conditions on which the sponsorships are activated including the lead time required by sponsors to fulfil the commitments.

9.9. The sponsorship can be in several modes as detailed below.

9.9.1. Sponsors can donate in cash to the overall rehabilitation project. In such cases, the sponsor can deposit funds into the general escrow account.

9.9.2. Sponsors can also commit sponsorship to specific parts of the project – for instance, an organisation can commit to sponsor 15 houses in the township or they can commit to donating building materials of the required specifications. This can also be implemented in phases, where the sponsor releases funds / provides materials based on milestones achieved in part of the project of his choice. Some existing sponsors have already made such offers. Prospective sponsors can also choose from various sponsorship options made available by the PIU in the portal.

In this case, the following procedure shall be adopted.

- The PIU shall coordinate the execution of a tripartite agreement between the DDMA, the sponsor and the contractor detailing the commitments and responsibilities of each party, the lead times required by the sponsor to honour the commitment from the intimation by PIU, mode of communication, authorised persons/ point of contact, conditions for withdrawal of sponsorship commitment/ rejecting sponsorship, etc.

- The draft template of the agreement shall be approved by the Government.

- The agreement shall have details regarding all the conditions and timelines agreed by all the parties.

A list of points that may guide the drafting of such a draft template of the agreement is given as Annexure 1.

10. MONITORING AND REVIEW

10.1. The Principal Secretary, Disaster Management Department, may be entrusted with holding monthly meetings to review the implementation of the rehabilitation project.

10.2. A committee chaired by the Chief Secretary may be entrusted with quarterly review of the implementation of the rehabilitation project.

10.3. An Empowered Committee under the chairmanship of the Hon'ble Chief Minister may convene quarterly meetings.

11. RECOGNITION OF SPONSORS

11.1. The sponsors shall be categorised based on the value of their sponsorship.

11.2. All sponsors shall be given a certificate of recognition and thanks duly signed by the District Collector.

11.3. A sponsorship wall or a designated space in the project site may be designed and the names of the higher categories of sponsors, with large values of sponsorship, may be included on the wall.

11.4. Government may decide to felicitate higher categories of sponsors, with large values of sponsorship, at appropriate events after completion of the rehabilitation project.

Annexure 1 – Special points to be considered while drafting sponsorship agreements

1. If the sponsorship is in cash across multiple installments: Details of committed amounts and installments (i) on or before specific dates or (ii) within a specific number of working days on fulfilment and certification of certain conditions (eg: stages of house construction). (The authorised entity to certify the same to be decided by the Government)

2. If the sponsorship is in kind: Details of the items including specifications, quantity, etc. and the delivery to designated point (eg: specific warehouse) (i) on or before specific dates or (ii) within a specific number of working days on intimation of requirement based on site conditions.

3. The general window when the delivery in kind is expected to be required may also be included in the agreement. There needs to be a clear understanding/ agreement on the overall timelines for fulfilment of the sponsorship commitment.

4. Some sponsorship would be activated based on a timeline (eg: second instalment in say March 2025 or in six months), while others would be activated based on intimation (eg: PIU informs the sponsor that the paint is required to be delivered on a particular date or that a particular condition has been met such as stage of construction).

5. The PIU shall be in constant touch with the PMC and contractor to assist in coordinating the sponsorships.

6. The contractor shall send a formal requisition request to the PIU with specific requirements of materials in kind . The requisition request should include the specific items as per the approved estimate, the quantity required, the date and time when the material is required, the exact location where the material is required, etc.

7. The contractor shall be responsible for checking the lead times committed by sponsors for an item, anticipating when the item will be required at site and placing the requisition request sufficiently in advance.

8. Once the requisition request is received, the PIU shall send a formal request to the sponsors who have committed the specific material required in kind to fulfil the commitment. For instances when there are longer lead times between the request and fulfilment, the sponsor may be requested to confirm in response as significant time may have passed from when the agreement was executed and the time the sponsorship is required.

9. Once the sponsorship fulfilment request has been made, an PIU officer at appropriate level may call the sponsor/ point of contact of the sponsor to intimate the same.

10. The PIU shall wait a specified number of days for confirmation by the sponsor / fulfilment of sponsorship. In case there is no response, the PIU may send a follow up communication and subsequently call the sponsor/ point of contact of the sponsor to assess the situation. The PIU shall submit a note to the District Collector intimating the

same.

11. In case the sponsor does not respond even after the second set of communications, seeks additional time or expresses inability to fulfil the sponsorship commitment at all, the same shall be reported to the District Collector. The District Collector shall attempt (3rd attempt) to contact the sponsor. Based on the criticality of the sponsored item and the time available, the following actions may be undertaken:

11.1. If the sponsor does not respond / seeks more time and the item or service is required in the project subsequently: PIU to place the matter in the DDMA and get approval for directing the PMU to shift the specific number of units of the items to within those to be procured by the contractor with subsequent payment of bills utilising sponsorship received in cash / Government finances. The PIU to discuss with the sponsor to arrive at alternate timelines for when the committed items or service would be required and make corresponding changes to the records of sponsorship commitments.

11.2. If the sponsor does not respond/ seeks more time, but the item or service is not required at a later stage or sponsor expresses inability to fulfil the sponsorship commitment: The procedure for alternate arrangement at 11.1 shall be followed. In addition, the PIU shall place in the DDMA for approval to issue notice of termination of the agreement for non-performance as per the terms and conditions. The agreement may subsequently be terminated at risk and cost to the defaulting sponsor.

12. The procedure specified in point 11.1 and 11.2 shall only be done under intimation to the Government by DDMA.

13. The PIU shall closely monitor the anticipated fulfilment of sponsorship based on committed timelines and anticipated lead times. In instances, if any, where a sponsor does not deliver the items on time after confirming the same, the procedure specified in point 11 may be followed. The need for a penalty clause in case this results in project delays may be considered as a deterrent. (Would at risk and cost cover that sufficiently?)

14. The contractor shall be responsible for receiving the sponsorships in kind for construction, as well as managing the warehouses and construction sites. The contractor shall be responsible for confirming the receipt of sponsorship items, verifying and certifying that the items, quantity, quality, etc. (as per PWD manual ?) are as per the requisition request made. The authorised officers of the PMU / Government shall independently verify the fulfilment of the sponsorship commitment at the warehouse and construction sites and countersign the certificates. The signed certificates shall be maintained in physical form and the scanned copy may be uploaded to the website. The sponsors shall be responsible for submitting the GST bills (original/ duplicates) along with the delivery of the sponsorships in kind. The bills shall also be uploaded to the website.

15. The contractor is proposed to be made responsible for receiving the sponsorships in kind as well as management of the warehouses and construction sites to avoid any dispute about the sponsorships received in kind, at any point of time.

16. If the contractor reports that an item has not been delivered/ is not as per the requisition request, and this view is endorsed by the authorised officer of the PMU / Government, then the matter may be reported to the PIU by the PMU/ officer authorised by the Government. The signed report shall be maintained in physical form and the scanned copy may be uploaded to the website.

17. The PIU shall group sponsors who delay/ fail to fulfil the sponsorship commitment and monitor the fulfilment of the sponsorship commitments more closely, with added level of checks at each stage. The PIU may submit a note to the District Collector and DDMA about sponsors who/ which delay/ fail in the first such instance itself.

18. PIU checks that the committed sponsorship has been received, all documentations are in order, the sponsorship certificates have been issued and shall subsequently update the official records, including on the website, and undertake periodic reporting to the Government of Kerala (signed by the District Collector).

Annexure 2 – Features of Sponsorship Portal to be considered for inclusion

1. The website is exclusively of the PIU managing the sponsorships
2. A minimalist webportal with dynamic design (adapt to device screen size)

3. Home page:

3.1. Link to a Brief background about the landslides and extent of the devastation with photographs

3.2. Hon'ble Chief Minister's appeal with photograph

3.3. Why Sponsor (give details of benefits to the victims, categories and corresponding acknowledgements to sponsors, etc.)

3.4. Sponsors (link)

3.5. Aggregate tracker of sponsorship value received (cash/ kind)

3.6. Buttons (Sponsor as individual / institution, Sponsor as group)

4. Tabs across all pages:

4.1.1. Home

4.1.2. Become a Sponsor

4.1.3. Process of Sponsorship (also include template of tripartite agreement)

4.1.4. PIU (for Sponsorship Management - details of organizational structure and

4.1.5. Dashboard (Note: Transparency)

4.1.6. FAQs

4.1.7. Government Orders

4.1.8. Contact

5. Login (PIU/ Sponsors/ PMU/ Contractor)

5.1. Option to register grievances about utilization of sponsorship - automatically generate token number

5.2. Generate downloadable sponsorship acknowledgement certificate

6. Become a Sponsor page

6.1. First subpage - Collect required details of the sponsor, drop down option (in cash or kind), intended use of the sponsorship (eg: construction of 10 houses or untied general sponsorship)

6.2. Second subpage - Cash - dropdown options (Escrow Account/ CMDRF)

6.2.1. One time - redirect to payment page within the website (all forms including UPI)/ redirect to CMDRF page (API required for acknowledgement). Once payment is completed, an automatic email with the certificate mentioning the Sponsor ID and sponsorship category to be sent by the website.

6.2.2. Multiple installments within a specified number of times: collect details of amount, anticipated dates/ payment to escrow account / CMDRF, etc.

6.3. Third subpage: Kind - redirect to page with clickable list of all items with specifications and cost as per the approved estimate and anticipate timelines for delivery along with options to indicate number of units being offered as sponsorship in kind. (When a sponsor offers to sponsor an item through the website, the corresponding numbers of items remaining to receive sponsorship should reduce in the website.)

7. In short, the details in the sponsorship page would need to adapt to whether the prospective sponsor desires to provide support in cash or kind. The details of the sponsorships required with specifications, number of units, tentative timelines expected for fulfilment of the sponsorship commitment, etc. would need to be clearly detailed. The sponsors must be provided with an easy facility to select the options for sponsorship in kind by clicking from the list and indicating the number of units, etc. and submit their sponsorship offer.

8. An automatic email acknowledgement from the PIU thanking for the submission of sponsorship offer (in cash across multiple instalments or in kind) with details of the offer made and 'Sponsor ID' shall be sent by the website. It shall inform that the PIU will be in touch with the sponsor within a specified number of working days.

9. The webportal shall automatically assign the 'Sponsor ID'

10. Automatically update the status of sponsorship (offered and received once verified and approved by the PIU) in the dashboard.

11. Option for PIU to upload the details of sponsorship offered through other means than website - option to load letters, etc if any.

12. Option for online collection of funds to the designated bank account/ redirect to the CMDRF page.

13. Automatic generation of certification (similar to CMDRF) for cash deposits made by sponsors through the website

14. Dashboard of status of sponsorship to keep track of all aspects of sponsorships including (i) sponsorships offered, (ii) tripartite agreements executed, (iii) sponsorships requisitioned, (iv) sponsorships fulfilled, (v) sponsorships fulfilment deferred at the request of sponsors, (vi) actual progress on the ground with photos of the stage wise progress of the construction works.

15. To avoid duplication of work resulting in delays in updation of the dashboard, all sponsorship offers shall be mapped on the webportal, all requisition requests by the

contractor, and subsequent requisition requests by the PIU to the sponsors, and the uploading of the certification of receipt of sponsorship by the contractor (along with the GST bills), the acknowledgement of the receipt of sponsorship, report of non-delivery/ not as per specifications, etc. shall be done through the webportal itself. This will also help with ensuring better transparency.

16. The webportal shall be the master data of all sponsorships for the PIU and the PIU should be able to use it for management of all aspects, including the schedule of different sponsorship agreed to, lead times, conditions on which sponsorship is activated, etc. and maintenance of digital records (eg: All signed tripartite agreements shall be uploaded). The details of prospective sponsors/ enquiries may also be captured in the website.

17. Once the website is ready and all the channels of accepting sponsorship are ready, the Government of Kerala may announce in the media of the mechanism including the PIU which will coordinate, receive and expend the sponsorship.

18. Publish Call for Sponsorships linking to the website

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 01-01-2025

ഫയൽ നം. ഡിഎം.എ2/411/2024/ഡി.എം.ഡി.   ഇനം നം: 2595

വിഷയം : ദുരന്ത നിവാരണ വകുപ്പ് - വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ മന്ത്രിസഭായോഗം ചർച്ച ചെയ്തു. താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ ഭരണവകുപ്പ് ദുരന്തനിവാരണ വകുപ്പ് ആയിരിക്കുമെന്ന് തീരുമാനിച്ചു.
2. നിർദ്ദേശം അംഗീകരിച്ചു.
3. FIDIC വ്യവസ്ഥയിൽ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുവാൻ തീരുമാനിച്ചു.
4. "1%-ത്തിൽ അധികരിക്കാത്ത" എന്ന ഭാഗം ഒഴിവാക്കി നിർദ്ദേശം അംഗീകരിച്ചു.
5. നിർദ്ദേശം അംഗീകരിച്ചു.
6. സർക്കാർ/തൊഴിലുടമയുടേയും, പി.എം.സി./തൊഴിലുടമ പ്രതിനിധിയുടേയും പ്രവർത്തനം വിലയിരുത്താൻ ഒരു സ്വതന്ത്ര എഞ്ചിനീയർ, സ്വതന്ത്ര ഓഡിറ്റർ എന്നിവരടങ്ങിയ ഗുണമേന്മ ഉറപ്പാക്കൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
7. ഇക്കാര്യത്തിൽ മന്ത്രിസഭാ തീരുമാനം ആവശ്യമില്ല.
8. ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന വയനാട് ഉരുൾപൊട്ടൽ ബാധിത കുടുംബങ്ങൾക്കും വിലങ്ങാട്ടിലെ പുനരധിവസിപ്പിക്കേണ്ട ദുരന്തബാധിത കുടുംബങ്ങൾക്കും മാത്രമായി പതിനഞ്ച് ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.
9. ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള രണ്ട് എസ്റ്റേറ്റുകളുടേയും ഭൂമിയിൽ യഥാർത്ഥ ഗ്രൗണ്ട് സർവ്വേ നടത്തിയശേഷം ഉപയോഗയോഗ്യമായ ഭൂമി കണ്ടെത്തി നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

AS (DMB)
V. urgent.
01/01/25

(---2)

10. ഖണ്ഡിക 35-ൽ നൽകിയിട്ടുള്ള മൂന്ന് ഓപ്ഷനുകളിൽ നിന്നും 3-ാമത് ഓപ്ഷൻ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു.
11. നിർദ്ദേശം അംഗീകരിച്ചു.
12. നിർദ്ദേശം അംഗീകരിച്ചു.
13. നിർദ്ദേശം അംഗീകരിച്ചു.
14. നിർദ്ദേശം അംഗീകരിച്ചു.
15. വയനാട് ടൗൺഷിപ്പ് പദ്ധതി നടത്തിപ്പിനായി താഴെപ്പറയുന്ന സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു.
    1. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള വയനാട് പുനർനിർമ്മാണ സമിതി.
    2. ബഹു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവും, പ്രമുഖ സ്പോൺസർമാരും ഉൾക്കൊള്ളുന്ന ഉപദേശക സമിതി.
    3. ചീഫ് സെക്രട്ടറി ചെയർപേഴ്സൺ ആയ ഏകോപനസമിതി.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

2595

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1.	ഫയൽ നമ്പർ	ഡിഎം.എ2/411/2024/ഡി.എം.ഡി
2.	വകുപ്പ്	ദുരന്ത നിവാരണ (എ) വകുപ്പ്
3.	വിഷയം	വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപൊട്ടലിൽ ദുരന്ത ബാധിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത് -സംബന്ധിച്ച്
4.	മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	24.12.2024
5.	(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?	അതെ
	(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	അതെ
6.	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	അതെ
7	കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര്	ശ്രീമതി. അനുരാധ കെ.സി
8	കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്	ശ്രീമതി.ടിങ്കു ബിസ്വാൾ
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി	25.12.2024
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	ശ്രീമതി.ശാരദ മുരളീധരൻ
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	30.12.2024
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	പിണറായി വിജയൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	31.12.2024
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	31.12.2024
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 300 പ്രകാരം, വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ മുണ്ടക്കൈ ചൂരൽമല പ്രദേശത്ത് 30.7.2024 ൽ ഉണ്ടായ ഉരുൾപ്പൊട്ടൽ ബാധിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി, മാതൃകാ ടൗൺഷിപ്പ് നിർമ്മിക്കുന്നതാണെന്നും, ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺ സൾ ട്ടന്റായി KIIFB യെ ചുമതലപ്പെടുത്തുന്നതാണെന്നും ബഹു. മുഖ്യമന്ത്രി പ്രസ്താവന നടത്തിയിരുന്നു.

2) വയനാട്ടിൽ മേപ്പാടി ഉരുൾപൊട്ടൽ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒന്നാമത്തെ ഘട്ടത്തിൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരെയും, മറ്റെവിടെയും വീട് ഇല്ലാതെ ലയങ്ങളിൽ താമസിക്കുന്നവരെയും (അത്തരത്തിൽ പാർപ്പിടങ്ങളിൽ വസിക്കുന്നവരെയും) പരിഗണിക്കുന്നതാണ്. ദുരന്തത്തിൽ താമസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതാണ്. (no-go-zone). 26.11.2024 ലെ സ.ഉ(സാധാ) 866/2024/ദുനിവ. നമ്പർ ഉത്തരവിൽ, ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ട ദുരന്തബാധിതരായ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പ്രതിപാദിക്കുന്നു. ടൗൺഷിപ്പിൽ ഓരോ കുടുംബത്തിനും 1 0 സെൻ്റ് സ്ഥലം വീതം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ദുരന്തബാധിതരായ കുടുംബങ്ങളെ പ്രത്യേകിച്ചും, ദുരന്തം നേരിട്ട് ബാധിച്ച കുടുംബങ്ങളെ വാടകവീടുകളിലും സർക്കാർ ക്വാർട്ടേഴ്സുകളിലുമാണ് താല്ക്കാലികമായി താമസിപ്പിച്ചിരിക്കുന്നത്. ഇത്തരത്തിൽ വാടക വീടുകളിൽ താല്ക്കാലികമായി പുനരധിവസിപ്പിച്ചിട്ടുള്ള ഓരോ കുടുംബത്തിനും പ്രതിമാസം 6 0 0 0 രൂപ വീതം വാടകയിനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

3) സ്വന്തമായി വാസയോഗ്യമായ ഭൂമി കണ്ടെത്തി സർക്കാർ ധനസഹായത്തോടെ മാറി താമസിക്കാൻ തയ്യാറായിട്ടുള്ളവർക്ക് ആ വിധത്തിൽ ധനസഹായം അനുവദിക്കുന്നതിന് ഉചിതമായ സമയത്ത് തീരുമാനം കൈകൊള്ളാവുന്നതും അപ്രകാരമുള്ള ധനസഹായത്തിന്റെ നിരക്ക് തീരുമാനമെടുക്കാനുള്ളതുമാണ്. 23/08/2019 ലെ സ.ഉ. (കൈ) നം.25/2019/ദുനിവ. പ്രകാരം നിലവിൽ സ്വന്തമായി ഭൂമി കണ്ടെത്തി വീട് വെച്ച് താമസിക്കുന്നതിന് സർക്കാർ നൽകി വരുന്ന ധനസഹായം ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് വെയ്ക്കുന്നതിന് 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപയാണ്.

4) സുരക്ഷിതവും അനുയോജ്യമായതുമായ സ്ഥലം കണ്ടെത്തുന്നതിനായുള്ള നിരവധി

പരിശോധനകൾക്ക് ശേഷം കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റും (HML) കല്പറ്റ വില്ലേജിലെ എൽസ്റ്റോൺ എസ്റ്റേറ്റും ടൗൺഷിപ്പ് നിർമ്മാണത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. മന്ത്രിസഭാ തീരുമാനപ്രകാരം 4.10.2024 ലെ സ.ഉ.(കൈ) 11/2024/ദുനിവ. നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതേസമയം, നിലവിലെ കൈവശക്കാർ, 2005 ലെ ദുരന്തനിവാരണ നിയമ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനെതിരെ ബഹു.ഹൈക്കോടതിയിൽ (36436/2024 ഉം 36125/2024 ഉം നമ്പരായി റിട്ട് ഹർജ്ജികൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജികൾ തള്ളിക്കൊണ്ട് 2013 ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം തുടർനടപടി സ്വീകരിക്കുവാൻ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5) 26/11/2024 ൽ പുറപ്പെടുവിച്ച സ.ഉ. (സാധ) 866/2024/ദുനിവ. നമ്പർ ഉത്തരവിൽ വിശദീകരിച്ചിട്ടുള്ള നടപടിക്രമപ്രകാരം ഒന്നാം ഘട്ടത്തിൽ പുനരധിവസിക്കപ്പെടേണ്ടവരുടെ കരട് ലിസ്റ്റ് 20.12.2024 ൽ പ്രസിദ്ധീകരിച്ചു. അന്തിമ ലിസ്റ്റ് 15.01.2025 ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടമായി പുനരധിവസിപ്പിക്കപ്പെടേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമം (SOP) സർക്കാർ പ്രത്യേകമായി പുറപ്പെടുവിക്കും.

6) ദുരന്തത്തിനിരയായവർക്ക് ജീവനോപാധി നൽകുന്നതിനായി 29.10.2024 ലെ (സാധ) 2067/2024/ തദ്ദേശ നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ അംഗങ്ങളുടെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടേയും സഹായത്തോടെ ഒരു മൈക്രോ പ്ലാൻ സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത മൈക്രോ പ്ലാനുകളുടെ നിർവ്വഹണം 12.12.2024 ൽ ആരംഭിച്ചിട്ടുണ്ട്.

7) കൃഷിയും അനുബന്ധമേഖലകളും എം.എസ്.എം.ഇ (MSME) സേവനങ്ങൾ, വ്യപാരം എന്നീ മേഖലകൾക്ക് പ്രധാനമായും മുൻഗണന നൽകുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി മൈക്രോ പ്ലാനിൽ നിന്നുമുള്ള അടിസ്ഥാനവിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

8) പ്രധാനമായും ദുരന്തം ബാധിച്ച പ്രദേശത്തും വാസയോഗ്യമല്ലാതായ പ്രദേശത്തും (no-go-zone) ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തുനിന്നും ആളുകളെ മറ്റെവിടെക്കെങ്കിലും മാറ്റി പാർപ്പിക്കേണ്ടിവരുന്നുണ്ടെങ്കിലും, നിലവിലെ നിയമപ്രകാരം ഉടമസ്ഥർക്ക് സ്ഥലത്തിന്റെ കൈവശാവകാശം നഷ്ടപ്പെടുന്നില്ല.

9) നിയമസഭയിൽ റൂൾ 300 പ്രകാരം ബഹു. മുഖ്യമന്ത്രി നടത്തിയ പ്രസ്താവന പ്രകാരം ടൗൺഷിപ്പ് പദ്ധതിക്കായുള്ള ആസൂത്രണം കിഫ്ബി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ചുമതല കിഫ്ബിയുടെ പദ്ധതി നടത്തിപ്പ് ഏജൻസിയായ KIIFCON PVT Ltd നെ (KIIFB യുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള അനുബന്ധ കമ്പനിയായ) ഏൽപ്പിച്ചിട്ടുണ്ട്. വിശദമായ പ്രാഥമിക പ്രോജക്റ്റ് റിപ്പോർട്ട് KIIFCON തയ്യാറാക്കുകയും ആയത് ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

10) കിഫ്ബി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11.11.2024 ലെ CEO_KIIFB_2024111101, നമ്പറായി ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ താഴെപറയുന്ന വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി.

സാങ്കേതികവും ഭരണപരവുമായ വിവിധ വിഷയങ്ങളിൽ സർക്കാർ തലത്തിൽ എടുക്കേണ്ട തീരുമാനങ്ങൾ സംബന്ധിച്ച കുറിപ്പിൽ മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ പുനരധിവാസ പദ്ധതിയുടെ നടത്തിപ്പ്, മേൽ നോട്ട സംവിധാനം, സാമ്പത്തിക കാര്യങ്ങളും ധനാഗമന മാർഗ്ഗങ്ങളും, EPC കോൺട്രാക്ടിന്റെ ആവശ്യകത, നാമനിർദ്ദേശം വഴി EPC കരാർ നൽകേണ്ടതിന്റെ ആവശ്യകത, വയനാട് ടൗൺഷിപ്പ് പുനരധിവാസ പദ്ധതിയുടെ നടത്തിപ്പ്, ഏത് ഭരണ വകുപ്പിനെ ഏൽപ്പിക്കണം എന്നതടക്കം തീരുമാനമെടുക്കേണ്ട വിവിധ വിഷയങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചിരുന്നു. KIIFB & KIFCON ന്റെ CEO, ചീഫ് സെക്രട്ടറിക്ക് നൽകിയ കുറിപ്പിൽ താഴെ പറയുന്നവ കൂടി അനുബന്ധം 1 മുതൽ 8 വരെയായി ഉള്ളടക്കം ചെയ്തിരുന്നു.

Annexure 1: Area Details of Building proposed in Elstone Estate Kalpetta and in Nedumbala.

Annexure 2: Detailed Project Report.

Annexure 3: EPC Contract and Tender Documents Part-1 Request for Proposals (RFP).

Annexure 4: EPC Contract and Tender Documents Part-2 Employer's Requirements.

Annexure 5: EPC Contract and Tender Documents Part-3 Technical Specifications.

Annexure 6: EPC Contract and Tender Documents Part-4 Drawings.

Annexure 7: EPC Contract and Tender Documents Part-5 Conditions of Contract and Contract Forms.

Annexure 8: Role and Responsibilities of Employer's Representatives.

FIDIC Contract.

11. KIIFB CEO നൽകിയ നോട്ടിലെ സാങ്കേതികവും ഭരണപരവുമായ താഴെപറയുന്ന വസ്തുതകളിൽ സർക്കാർ തലത്തിൽ തീരുമാനം ഉണ്ടാകണമെന്ന് ചീഫ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചു.

I. പുനരധിവാസത്തിനായുള്ള ടൗൺഷിപ്പ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഏത് വകുപ്പിനെയാണ് ഭരണ വകുപ്പായി ചുമതലപ്പെടുത്തേണ്ടത്.

II. സർക്കാർ തൊഴിലുടമയായും കിഫ്ബിയുടെ അനുബന്ധ കമ്പനിയായ KIIFCON തൊഴിലുടമയുടെ പ്രതിനിധിയായും, തീരുമാനിച്ച് എഞ്ചിനീയറിംഗ്, സമാഹരണം, നിർമ്മാണം, (EPC) രീതിയിൽ പ്രോജക്ട് നടപ്പിലാക്കാവുന്നതാണോ?

III. കരാർ പ്രമാണങ്ങൾ (contract documents) അംഗീകരിക്കാവുന്നതാണോ? ടെണ്ടർ നടപടികൾ പൂർത്തികരിക്കുന്നതിനു മുൻപ് ചൂണ്ടിക്കാണിക്കപ്പെടുന്ന വ്യത്യാസങ്ങൾ വരുത്തുന്നതിനും കോൺട്രാക്ട് നൽകുന്നതിനും KIIFCON, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അനുവദിക്കാവുന്നതാണോ?

IV. തൊഴിലുടമയുടെ പ്രതിനിധി എന്ന നിലയിൽ കരാറിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും കൂടാതെ അനുബന്ധം 8 ൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങളും നടത്തുന്നതിന് KIIFCON നെ ചുമതലപ്പെടുത്താവുന്നതും ധനകാര്യ വകുപ്പിന്റെ 28/4/2021 ലെ സ.ഉ (പി) 67/2021/ഫിൻ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം 5% തുക പ്രൊജക്ട് മാനേജ്മെന്റ് സേവനത്തിനായി നൽകാമോ?

V. ഖണ്ഡിക 6 മുതൽ 10 വരെ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം താഴെപറയും വിധത്തിൽ പദ്ധതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും കമ്മിറ്റികൾ രൂപീകരിക്കാമോ?

എ) ബഹു. മുഖ്യമന്ത്രി, ബഹു. പ്രതിപക്ഷ നേതാവ് മറ്റ് മന്ത്രിമാർ ഉൾപ്പെടുന്ന ഉപദേശക അവലോകന കമ്മിറ്റി.

ബി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഹൈലെവൽ മോണിറ്ററിംഗ് കമ്മിറ്റി

സി) ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള വയനാട് ടൗൺഷിപ്പിനായുള്ള ജില്ലാ ഏകോപന കമ്മിറ്റി

VI. ഖണ്ഡിക 11 (a) മുതൽ 11 (h) വരെ പ്രതിപാദിച്ചിട്ടുള്ള ധന ഉപയോഗവും ധനമാനേജ്മെന്റും അംഗീകരിക്കാവുന്നതാണോ?

VII. 2024 ജൂലൈ 30 ലെ ഉരുൾപൊട്ടലിൽ ദുരന്തം ബാധിച്ചവർക്ക് പുനരധിവാസത്തിനായി വയനാട് ജില്ലയിലെ കല്പറ്റയിലും നെടുമ്പാല എസ്റ്റേറ്റിലും ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് (ULCCS) നോമിനേഷൻ പ്രകാരം E P C കോൺട്രാക്ട് നൽകാവുന്നതാണോ?

12. ബന്ധപ്പെട്ട വകുപ്പുകൾ, വകുപ്പ് സെക്രട്ടറിമാർ, സാങ്കേതിക അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി 19.11.2024 ൽ വിളിച്ച് ചേർത്ത യോഗത്തിൽ ടൗൺഷിപ്പ് പദ്ധതി സംബന്ധിച്ച് KIFCON ന്റെ പ്രപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ കൂടി അടിസ്ഥാനത്തിൽ പദ്ധതി നിർദ്ദേശം വീണ്ടും ഭേദഗതി വരുത്തുകയും അതിൻപ്രകാരമുള്ള വിശദമായ പരിഷ്കരിച്ച അന്തിമ പ്രോജക്ട് റിപ്പോർട്ട് KIFCON സമർപ്പിക്കുകയും ചെയ്തു. അതിനുശേഷം 3.12.2024 ൽ കൂടിയ യോഗത്തിൽ പരിഷ്കരിച്ച പ്രോജക്ട് പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുന്നതിനായി തീരുമാനിച്ചു. ശേഷം 22.12.2024 ൽ കൂടിയ പ്രത്യേക മന്ത്രി സഭായോഗത്തിലും താഴെ കാണുന്ന വിഷയങ്ങൾ അംഗീകാരത്തിനു സമർപ്പിക്കുവാൻ തീരുമാനമായി. ടൗൺഷിപ്പ് പദ്ധതിയുടെ വിശദവിവരങ്ങൾ സ്പോൺസർഷിപ്പ്, മൈക്രോ പ്ലാൻ തയ്യാറാക്കൽ എന്നിവ ചീഫ് സെക്രട്ടറി ഓൺലൈനായി 22.12.2024 ൽ കൂടിയ പ്രത്യേക മന്ത്രിസഭാ യോഗത്തിൽ അവതരിപ്പിച്ചു. പരിഷ്കരിച്ച പദ്ധതി തുക (ചുറ്റുമതിൽ ഉൾപ്പെടെയും ഉൾപ്പെടാതെയും) കൺസൾട്ടൻസി ചാർജ്ജ് ഉൾപ്പെടാതെയും പ്രതീക്ഷിക്കുന്ന ചെലവ് KIFCON 24.12.2024 ലെ കത്ത് പ്രകാരം സമർപ്പിച്ചു. ഇത് ഒരു താൽകാലിക പദ്ധതി നിർദ്ദേശവും ഭൂമിയുടെ സർവ്വേ, ഉപഭോക്തൃ ജനവിഭാഗത്തിന്റെ ആവശ്യങ്ങൾ എന്നിവ കൂടി പരിഗണിച്ച് മാറ്റങ്ങൾക്ക് വിധേയവുമാണ്.

13. ടൗൺഷിപ്പിനായുള്ള തൊഴിലുടമ പ്രതിനിധിയായി (PMC) KIIFCON നെ KIIFB നിർദ്ദേശിച്ചു.

[Justification submitted by KIIFB is quoted as follows ....

" KIIFB has the facility to take up the Wayanad Township Development Project through its wholly owned Subsidiary Kerala Infrastructure Investment Fund Consultancy Pvt Ltd (KIIFCON), KIIFCON, the engineering consultancy firm and a fully owned subsidiary of KIIFB, has the required expertise to provide design and engineering services for EPC Tender, RFP preparation for EPC Tender and to function as the **Employer's Representative** *to oversee the project's planning, design, and execution, ensuring project progress, quality assurance, and compliance with regulations. The Employer's Representative's roles and responsibilities are*

included in the various provisions of the EPC Contract Documents. The salient aspects of the roles and responsibilities Employer's Representative's (but not limited to) are separately attached as at Annexure 8. KIIFCON will be able to render the necessary services at a cost which is well within the provisions of G.O.(P) No. 67/2021/Fin dated 28 April 2021, thus making the assignment cost efficient.

Annexure 8 (Role and Responsibilities of Employer's Representative) in the note of CEO KIIFB & KIIFCON to CS submitted by KIIFCON is attached.

As the Employer's Representative, KIIFCON would claim an amount of 5% as admissible for comprehensive Project Management Services stipulated in the provisions of G.O. (P) No. 67/2021/Fin dated 28.4.2021."

14. കൂടാതെ ടി പ്രോജക്ട് EPC കോൺട്രാക്ടിൽ ആയിരിക്കേണ്ടത് എന്തിനാണെന്നുള്ളതും EPCകോൺട്രാക്ടറെ 'നോമിഷൻ' രീതിയിൽ തെരഞ്ഞെടുക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമായ വിശദീകരണം KIIFCON ഉം KIIFBയും സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ടൗൺഷിപ്പ് സങ്കീർണ്ണമായ ഒരു പ്രോജക്ട് ആയതിനാലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് EPC കരാറാണ് ആയിരിക്കേണ്ടതെന്നും കരാറുകാരനെ നാമനിർദ്ദേശാടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കേണ്ടതെന്നും KIIFCON ഉം KIIFB ഉം താഴെ പറയുന്ന പ്രകാരം വ്യക്തമായ വിശദീകരണം നൽകിയിട്ടുണ്ട്.

" This is the first time in the State's history that the Government is implementing a Rehabilitation project of this scale in the backdrop of the worst landslide related natural calamity. The project has to be executed in the region of Wayanad, where large tracts of land is considered ecologically sensitive region, even though the selected sites themselves do not lie within any ecologically sensitive areas as observed by the Technical Committee.

The project is being constructed in the backdrop of a massive calamity that has led to loss of over four hundred lives and has left many people injured, accompanied by loss of houses along with the deprivation of livelihood. The affected people are also likely to be aggrieved, given the circumstances, with any delay. The execution of the project has to be carried out very carefully

and sensitively in such a milieu.

A significant supply of goods and services besides financial support is expected from well- meaning individuals and institutions including support from the Government of Karnataka. This implies that the selected contractor has to facilitate this coordination and constantly keep revising his purchase and financial schedule to accommodate for such voluntary contributions

Furthermore, the contractor who takes up the execution of the project has to constantly liaise with the District Administration and the representatives of the Local Self Governments to resolve all potential disruptions on the spot.

Given these unique challenges that the project has to face, a general contractor who bids for the project for commercial considerations alone is not likely to have the local knowledge, experience of working with Government, experience of interacting with local communities and may not be able to flexibly adopt their mobilisation, deployment and execution schedules to suit the actual working conditions in the selected sites for the townships.

Furthermore, the execution of the township project has to be done simultaneously in the selected sites at Nedumbala and Kalpetta. This involves the need of having sufficient labour, technical resources and the equipment sufficient to deploy them for this scale of activity.

A contractor executing a township project requires to have a vast range of skills and expertise in diverse areas ranging from buildings, roads, water supply lines, electrical lines, sewerage treatment plants etc.

Uralungal Labour Contract Co-operative Society (ULCCS) is one of the oldest labour cooperatives in India owned and managed by workers. The Society has a rich history that goes back to 100 years, and they are celebrating their centenary this year. The Society has completed over 7500

projects over their lifetime. ULCCS is also an accredited agency of the State Government. Currently ULCCS is executing around 500 projects with an approximate value of Rs.2300 crores that are directly financed by KIIFB.

Given the above circumstances, it would be prudent to assign the work of the Townships at Kalpetta and Nedumbala in Wayanad District to ULCCS on a nomination basis."

15. മേൽ സാഹചര്യത്തിൽ ഫയൽ മറ്റുള്ളയവയോടൊപ്പം താഴെപറയുന്ന വിഷയങ്ങളിൽ കൂടി മേൽ നിയമ ധന വകുപ്പുകളുടെ അഭിപ്രായത്തിനായി നൽകി.

1) KIIFB നൽകിയ ന്യായീകരണത്തിൽ വിശദീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടൗൺഷിപ്പ് നിർമ്മാണം EPC കരാറിൽ നടത്താവുന്നതാണോ?

2) EPC കരാറിൽ നടത്തുകയാണെങ്കിൽ പദ്ധതിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് EPC കോൺട്രാക്ടറും പ്രോജക്ടുകളും നിരീക്ഷിക്കുന്നതിനുള്ള P M C ആയി KIIFCON നെ നാമനിർദ്ദേശാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കാവുന്നതാണോ?

3) അങ്ങനെ നടപ്പാക്കുന്ന പക്ഷം ടൗൺഷിപ്പ് നിർമ്മാണത്തിനായി KIIFCON നെ PMC ആയി നാമനിർദ്ദേശം ചെയ്യാവുന്നതാണോ? KIIFCON നിർദ്ദേശിച്ച പ്രകാരവും 28.04.2021 ലെ സർക്കാർ ഉത്തരവ് അച്ചടി നമ്പർ 67/2021/ധനപ്രകാരവും കോൺട്രാക്ട് തുകയുടെ 5% കൺസൾട്ടൻസി ഫീസ് നൽകാവുന്നതാണോ?

4) നാമനിർ ദ്ദേശപ്രകാരം KIIFCONനെ നാമനിർദ്ദേശം ചെയ്യുകയാണെങ്കിൽ, നിലവിലെ സംസ്ഥാസർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരവും സിവിസി മാർഗ്ഗ നിർദ്ദേശപ്രകാരവും EPC Contractorഉം നാമനിർദ്ദേശാടിസ്ഥാനത്തിൽ നിശ്ചയിക്കാവുന്നതാണോ? അംഗീകരിക്കുകയാണെങ്കിൽ ഊരാളുങ്കൽ labour contract co-operative society യെ EPC കോൺട്രാക്ടർ ആയി നാമനിർദ്ദേശം ചെയ്യാവുന്നതാണോ

5) സിഇഒ കിഫ്ബി യുടെ കുറുപ്പിലെ 1-8 വരെയുള്ള അനുബന്ധ കരാർ രേഖകൾ പരിശോധിച്ച് അഭിപ്രായം നൽകേണ്ടതാണ്. പ്രത്യേകമായി 'നിർദ്ദേശത്തിനുള്ള അഭ്യർത്ഥന' (ഭാഗം 1 Local reference 20) തൊഴിലുടമകളുടെ ആവശ്യകത (ഭാഗം 2 Local reference 13) സാങ്കേതിക സവിശേഷതകളും മാനദണ്ഡങ്ങളും (ഭാഗം 3 Local reference 14) കരാർ വ്യവസ്ഥകളും കരാർ ഫോമുകളും (ഭാഗം 5 Local reference 16) FIDIC വ്യവസ്ഥകൾ (Local reference 12). RFP യും പ്രോജക്റ്റ് റിപ്പോർട്ടിലെ തുകയുടെ എസ്റ്റിമേറ്റും (Local reference 10) എന്നിവ നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കൊപ്പം പരിശോധിക്കേണ്ടതും അഭിപ്രായം നൽകേണ്ടതുമാണ്.

6) ഖണ്ഡിക 11 (a) മുതൽ 11 (h) വരെ പ്രതിപാദിച്ചിട്ടുള്ള ധന ഉപയോഗവും ധനമാനേജ്മെന്റും പരിശോധിച്ച് അഭിപ്രായം ലഭ്യമാക്കേണ്ടതാണ്.

7) റവന്യൂവും ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പുകൾക്ക് പദ്ധതി നിർവ്വഹണത്തിന്റെയും സാങ്കേതിക വൈദഗ്ധ്യത്തിന്റെയും അഭാവത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനെയോ പൊതുമരാമത്ത് വകുപ്പിന്റെ മേൽ നോട്ടത്തിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

16. ഈ വിഷയത്തിൽ നിയമ വകുപ്പ് താഴെപറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"വയനാട് ജില്ലയിലെ മേപ്പാടി-ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ടൗൺഷിപ്പ് പ്രോജക്റ്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് ഫയലിൽ കൈകാര്യം ചെയ്യുന്നത് .

പ്രസ്തുത ഭൂമിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ടൗൺഷിപ്പ് പദ്ധതിയ്ക്കായുള്ള Project Management Consultant (PMC)-യെ ഏത് രീതിയിലാണ് തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച ഭരണവകുപ്പിന്റെ ക.ഫ ഖണ്ഡിക 10-ലെ 8 ചോദ്യങ്ങളിന്മേലുള്ള അഭിപ്രായത്തിനും സൂക്ഷ്മപരിശോധനയ്ക്കുമായാണ് ഫയൽ ലഭ്യമാക്കിയിട്ടുള്ളത്.

വയനാട് ജില്ലയിലെ മേപ്പാടി-ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ടൗൺഷിപ്പ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ ബഹു: സുൽത്താൻ ബത്തേരി സബ് കോടതിയുടെയും ബഹു ഹൈക്കോടതിയുടെയും പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിനു വിധേയമായി മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂവെന്നും കൂടാതെ, പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ ബഹു.മുഖ്യമന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 300 പ്രകാരം 08/10/2024-ന് നിയമസഭയിൽ നടത്തിയ പ്രസ്താവനയിലെ, "അന്തിമ പുനരധിവാസ പ്രവർത്തനങ്ങൾ " എന്ന ശീർഷകത്തിൻ കീഴിലുള്ള പ്രസ്താവനയ്ക്ക് അനുസൃതമായി വേണം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് വിധേയമായി ചുവടെ ചേർത്തിട്ടുള്ള 1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്കുള്ള അഭിപ്രായം ഭരണ വകുപ്പിന്റെ പരിഗണയ്ക്കായി നൽകുന്നു.

1) Engineering, Procurement and Construction (EPC) സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ Central Public Works Department (CPWD) of India's WORKS MANUAL, 2022 -ൽ വ്യവസ്ഥ ചെയ്തു കാണുന്നു. എന്നാൽ, EPC) സംബന്ധിച്ച വ്യവസ്ഥ KPWD Manual -ൽ വ്യവസ്ഥ ചെയ്യാത്ത സാഹചര്യത്തിൽ പ്രസ്തുത വ്യവസ്ഥ KPWD Manual amend ചെയ്ത് adopt ചെയ്യാവുന്നതാണ്. ഇക്കാര്യത്തിൽ ഭരണ വകുപ്പ് PWD വകുപ്പിന്റെ അഭിപ്രായം തേടേണ്ടതാണ് .

2) Tender നടപടികൾ ഒഴിവാക്കി Nomination basis -ലാണ് പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ, സംസ്ഥാന സർക്കാരിന്റെ ധനകാര്യ (Industries & Public Works-B) വകുപ്പ് ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും കൂടാതെ കേന്ദ്ര സർക്കാരിന്റെ Ministry of Heavy Industries and Public Enterprises പുറപ്പെടുവിച്ചിട്ടുള്ള "Transparency in Works/Purchase/Consultancy contracts awarded nomination basis" എന്ന Office Memorandum നമ്പർ F No.13(1)/2020-MGMT -ലെയും കേന്ദ്ര സർക്കാരിന്റെ Ministry of Finance -നു കീഴിലുള്ള Department of Expenditure, Procurement Policy Division Procurement & Project Management സംബന്ധിച്ച 29-10-2021-ൽ No.F.1/1/2021-PPD പുറപ്പെടുവിച്ചിട്ടുള്ള പൊതു നിർദ്ദേശങ്ങളിലെയും Central Vigilance Commission കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പരിപത്രങ്ങളുടെയും വ്യവസ്ഥകൾ ഭരണ വകുപ്പ് പാലിക്കേണ്ടതാണ് .

3) ധനകാര്യ (Industries & Public Works-B) വകുപ്പിന്റെ അഭിപ്രായം തേടാവുന്നതാണ്.

4) നിലവിലെ നിയമപ്രകാരം The Tendering Process or Public Auction is a basic requirement for award of contract by any Government Agency. Any other method, especially award of contact on nomination basis would amount to a breach of Article 14 of the Constitution of India guaranteeing Right to Equality which implies right to equality to all interested parties. The award of contracts/projects/procurement's on nomination basis without adequate justification amounts to restrictive practice eliminating competition, fairness and equity. Hence, award of contract through open competitive bids should remain the most preferred mode of tendering.

EPC Contractor-റെ nomination basis -ൽ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിലവിൽ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും പുറപ്പെടുവിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ ഭരണ വകുപ്പ് PWD, Finance എന്നീ വകുപ്പുകളുടെ അഭിപ്രായം തേടേണ്ടതാണ്.

5) നിയമ വകുപ്പ് മാന്വൽ അദ്ധ്യായം-VII-ൽ കൺവെയൻസിംഗ് ജോലിയിൽ ഉൾപ്പെടുന്നവ ഏതൊക്കെ എന്ന് വിശദീകരിച്ചിട്ടുണ്ട്, ആയത് ചുവടെ ചേർക്കുന്നു:

(i) ആധാരങ്ങളുടെ സൂക്ഷ്മപരിശോധന;

(ii) കൺവെയൻസിംഗ് പ്രമാണങ്ങളുടെ രൂപരേഖ തയ്യാറാക്കലും അവയുടെ സൂക്ഷ്മപരിശോധനയും;

(iii) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ മുതലായവയിന്മേൽ സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകൾക്ക് നിയമോപദേശം നല്കുക.

മേൽ സാഹചര്യത്തിൽ ഭരണ വകുപ്പിന് പദ്ധതി നടപ്പാക്കുന്നതിനുള്ള തീരുമാനം കൈകൊണ്ട ശേഷം പ്രോജക്ടിന്റെ കരാർ ഈ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് നൽകാവുന്നതാണ്.

6) ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടാവുന്നതാണ്.

7) ഭരണ വകുപ്പിന്റെ കുറിപ്പ് ഫയൽ ഖണ്ഡിക 13 ദയവായി കണ്ടാലും.

8) ചോദ്യം നമ്പർ 5 -ന നൽകിയ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ Sponsorship Frame Work നിയമ വകുപ്പ് സൂക്ഷ്മപരിശോധന നടത്തേണ്ട പ്രമാണമല്ല. Escrow Account സംബന്ധിച്ച അഭിപ്രായം ധനകാര്യ വകുപ്പിൽ നിന്നും തേടേണ്ടതാണ്.

17. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെപറയുംപ്രകാരം അഭിപ്രായം രേഖപ്പെടുത്തി"

" The Administrative Department is informed as follows:

1) The estimate is seen prepared in PAR 2019 (Plinth Area Rate). As per the existing orders the estimate has to be prepared in current DSR (DSR 2018). Considering the importance of the Project in-principle sanction is accorded subject to the condition that the estimate shall be prepared in DSR 2018

before issuing AS and detailed estimate should be prepared before issuing TS. TS shall be issued under intimation to Finance Department.

The DPR shall have Reference to concept plan, Details of the scope of the Project indicating the list of the engineering services as well as the operation and maintenance, Estimated cost including expected escalation for the period of completion applicable centage charges, cash flow projection, Time of completion indicating the period for preconstruction activity till award of the work and the other one for execution, EIA if applicable, Quality assurance mechanism, Bidding system.

2) The Project is proposed to be executed in EPC mode. EPC mode of tender is not agreed for all Building works as per PWD norms and PWD is following item rate tendering for all building works. Considering that the township is to be constructed in a time bound manner, 'Finance' agrees to go for EPC mode as requested by Administrative Department. The A.D is requested to forward the EPC documents to F.D for vetting.

3) The conditions of Contract forwarded are FIDIC conditions. FIDIC conditions of contract is not recommended as it is bound to have incurred additional financial liability to the State in the past on account of various conditions like arbitration, penalty for delayed pay, admission of variation provisions in huge quantities. Hence Finance Department recommend to follow PWD contract conditions.

4) Government has made an announcement on the floor of the Assembly by way of the Rule 300 Statement that KIIFB would be engaged as the PMC for the Rehabilitation projects. As per existing orders only works upto Rs 1 crore can be entrusted to agencies without bidding (GO(P) No 7/2022/Fin dated 17/01/2022). Hence Finance Department agrees to engage KIIFCON (a subsidiary of KIIFB) as the Employer's Representative (PMC) for the Township Project and to assign the work of the Townships at Kalpetta and Nedumbala in Wayanad District to ULCCS on a nomination basis.

5) The consultancy and centage charges are seen noted as 5%. Since this is a mega Project above Rs 100 crores the Consultancy shall be, regulated/brought down similar to other Projects of the same financial outlay.

This has the approval of Hon'ble Finance Minister".

18. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി CEO ലഭ്യമാക്കിയ Annexure 1 മുതൽ 8വരെ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിച്ച നൽകുന്നതിനായി ഒരു പാർട്ട്ഫയൽ രൂപീകരിച്ച് ധനകാര്യ വകുപ്പിനും പൊതുമരാമത്ത് വകുപ്പിനും നൽകിയിരുന്നു. ഈ വിഷയത്തിൽ രണ്ടു വകുപ്പുകളിൽ നിന്നും അഭിപ്രായങ്ങൾ ലഭ്യമായിട്ടില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പ് താഴെപറയും പ്രകാരം ഒരു പൊതു അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

" *1) EPC സംബന്ധിച്ച് KPWD Manual അമെന്റ് ചെയ്യുന്നത് സംബന്ധിച്ച്* -

Engineering, Procurement & Construction (EPC) സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ Central Public Works Department (CPWD) of India's Works Manual 2022-ൽ വ്യവസ്ഥ ചെയ്തു കാണുന്നു (CLAUSE 4.8- Chapter 4- Modes of Bidding System) . KPWD Manualൽ EPC സംബന്ധിച്ച് വ്യവസ്ഥ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത വ്യവസ്ഥ KPWD Manual amend ചെയ്ത് adopt ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തു policy decision എടുക്കേണ്ടതുണ്ട്.

2) EPC Contractor നെ nomination basisൽ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച്

CPWD Works Manual ക്ലോസ്സ് 4.8 EPC കോൺട്രാക്ട് സബ് ക്ലോസ്സ് (7) ൽ 'The award of work shall be decided on Competitive call of tenders' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (ക്ലോസ്സിന്റെ പകർപ്പ് ചുവടെ ചേർക്കുന്നു)."

It may further be noted that as per 3.1 of the guidelines for selection and procedures for execution of public works through Government Accredited Agencies, GO (P) No.67/2021/Fin. Dated 28.04.2021, "*agencies accredited as PMCs shall execute the works through contractors selected through a transparent bidding process with intimation to client department.*"

As per 6.1 of GO (P) No.67/2021/Fin dated 28.04.2021, "*For all PMC and Non PMC cases, selection shall be done among the qualified Accredited agencies through a fair and transparent bidding process according to the type of work, technical requirement, PMC charges, etc only. The Administrative Department shall clearly specify whether the work is entrusted as a PMC for execution through the Contractors selected through a transparent bidding process or as a Non PMC for direct execution by the Agency.*"

19. റൂൾ 300 പ്രകാരം KIIFB യെ പുനരധിവാസ പദ്ധതികളുടെ ചുമതല ഏൽപ്പിക്കാമെന്ന സർക്കാർ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ PMC യെ നാമനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കരാറുകാരനെ PMC യുടെ നാമനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ചുമതലപ്പെടുത്താമെന്ന രണ്ട് നിർദ്ദേശങ്ങളും ധനവകുപ്പ് അംഗീകരിച്ചിട്ടുണ്ട്. അതേ സമയം മതിയായ ഗുണമേന്മ ഉറപ്പവരുത്തൽ മെക്കാനിസത്തിന്റെ ആവശ്യകത ധനകാര്യവകുപ്പ് നിർദ്ദേശിച്ചിട്ടുമുണ്ട്. 8.04.2021 ലെ സർക്കാർ ഉത്തരവ് (പി) 67/2021ധന.പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ E P C കരാർ നൽകേണ്ടത് മത്സരാധിഷ്ഠിത ടെൻണ്ടർ നടപടികളിലൂടെയാകേണ്ടതാണെന്ന ധനകാര്യ നിയമവകുപ്പിന്റെ അഭിപ്രായവും മറിക്കടക്കാൻ തീരുമാനിക്കുകയാണെങ്കിൽ പ്രോജക്ടിന്റെ നിർവഹണത്തിലും പണം നൽകലിലും പ്രവർത്തിയുടെ സുതാര്യത ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിനും ഒരു മൂന്നാം കക്ഷിയുടെ മേൽനോട്ടം അത്യാവശ്യമാണ്. പ്രവർത്തിയുടെ സമയബന്ധിതമായ പൂർത്തികരണത്തിനായി നാമനിർദ്ദേശാടിസ്ഥാനത്തിലാണ് പിഎംസിയേയും കാരാറുകരനേയും തെരെഞ്ഞെടുക്കാൻ മന്ത്രി സഭ തീരുമാനിക്കുന്നതെങ്കിൽ സർക്കാർ/തൊഴിലുടമയേയും, പിഎം.സി/തൊഴിലുടമപ്രതിനിധിയേയും നയിക്കുന്നതിനായി ഒരു സ്വതന്ത്ര എഞ്ചിനീയർ, ഓഡിറ്റർ എന്നിവർ അടങ്ങിയ ഗുണമേൻമ ഉറപ്പാക്കൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി ചീഫ് സെക്രട്ടറി ഉൾപ്പട്ട സമിതിയെ നിയോഗിക്കാവുന്നതാണ്.

20. KIIFCONനെ ടൗൺഷിപ്പിലുള്ള തൊഴിലുടമ പ്രതിനിധിയായി നാമനിർദ്ദേശാടിസ്ഥാനത്തിൽ കണക്കാക്കാവുന്നതാണോ എന്നതും കൺസൾട്ടൻസി ചാർജ്ജ് നിർണ്ണയിക്കുന്നതും മന്ത്രിസഭയ്ക്ക് തീരുമാനിക്കാവുന്നതാണ്.

21. കൺസൾട്ടൻസി ചാർജ്ജിനത്തിൽ നിയമധനകാര്യ വകുപ്പുകളുടെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി 'നഷ്ട രഹിത - ലാഭരഹിത' (No Loss No Profit) അടിസ്ഥാനത്തിൽ , പദ്ധതിചെലവിന്റെ (അതായത് ഭൂമിവില ഒഴികെ ഉള്ള പദ്ധതി ചെലവ്) 1% ത്തിൽ കവിയാത്ത 'യഥാർത്ഥ ചെലവിനെ' അടിസ്ഥാനമാക്കി പിഎംസി നിരക്കുകൾ (കൺസൾട്ടൻസിയും സെന്റേജും)

പദ്ധതി നടപ്പിലാക്കുന്ന കാലയളവിലേക്ക് പിഎംസി യ്ക്ക് നൽകാവുന്നതാണ്

2 2 . പിഎംസി ജോലികൾ ഏറ്റെടുക്കുന്നതിന് KIIFCON ന് ധനവകുപ്പിന്റെ ഔപചാരികത എംപാനൽമെന്റ് ആവശ്യമാണ്.

2 3 . ചില സ്പോൺസർമാർ (നിർമ്മാണവ്യവസായത്തിലുള്ളവർ) സ്വന്തമായി വീടുകൾ നിർമ്മിക്കാനാണ് മുൻഗണന നൽകുന്നത് എന്നറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പിഎംസി (തൊഴിലുടമകളുടെ പ്രതിനിധി) യുടെ മൊത്തത്തിലുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കാൻ അവർ തയ്യാറാണെങ്കിൽ അത്തരം സ്പോൺസർമാരെ കേസ്-ടു-കേസ് അടിസ്ഥാനത്തിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. അത്തരം സന്ദർഭങ്ങൾ പ്രാപ്തമാക്കുന്നതിനുള്ള വ്യവസ്ഥകൾ പിഎംസി കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

24. നിയമ വകുപ്പ് നിർദ്ദേശിച്ച പ്രകാരം EPC കരാർ 2022 ലെ CPWD Works manual ലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരിക്കണമെന്നും ധനകാര്യ വകുപ്പിന്റെ സൂഷ്മ പരിശോധനയ്ക്ക് ശേഷം നിയമ ധനകാര്യ വകുപ്പുകളുടെ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ (i) കരാർ ഒരു EPC കരാറാണെന്നും (ii) കരാറുകാരനെ നോമിനേഷൻ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതാണെന്നും (നോമിനേറ്റ് ചെയ്യപ്പെട്ടാൽ ULCCS നെ നോമിനേറ്റ് ചെയ്യാവുന്നതാണോയെന്നും) കാബിനറ്റ് പരിഗണിച്ച് തീരുമാനിക്കേണ്ടതാണ്. കൂടാതെ ഇപിസി കോൺട്രാക്ടറുടെ നാമനിർദ്ദേശം നിയമ വകുപ്പ് നിർദ്ദേശിച്ച നിബന്ധനയ്ക്ക് അനുസൃതമായിരിക്കേണ്ടതാണ്; അതായത് ധനകാര്യ (വ്യവസായ&പൊതുമരാമത്ത് ബി) വകുപ്പിന്റ ഉത്തരവിന് അനുസൃതമായിരിക്കേണ്ടതും; Transparency in work/purchase/consultancy contract awarded nomination basis-ൻ മേൽ Ministry of Heavy Industries and Public Enterprises of Government of India പുറപ്പെടുവിച്ച Office Memorandum number F No.13 (1)/2020-MGMT കാലാകാലങ്ങളിൽ സെൻട്രൽ വിജിലൻസ് കമ്മീഷൻ പുറപ്പെടുവിച്ച സർക്കുലറുകൾ പ്രകാരവും സെൻട്രൽ ഗവൺമെന്റിന്റെ Ministry of Finance ന്റെ കീഴിലുള്ള സമാഹരണവും പ്രോജക്ട് മാനേജ്മെന്റും സംബന്ധിച്ച് 29/10/2021 ലെ F.1/1/2021-ppd പൊതുനിർദ്ദേശപ്രകാരവും ആയിരിക്കേണ്ടതാണ്.

In OM - F No. 13(1)/2020-MGMT Government of India, Ministry of Heavy Industries and Public Enterprises Department of Public Enterprises, para 2 states as follows: "*........CVC vide their circular dated 6th April, 2021 (copy enclosed) has reiterated its earlier guidelines on this subject for compliance by all concerned organizations. CVC has further directed that award of contracts on nomination basis should be done only under unavoidable and exceptional*

circumstances, which can be justified (emphasis supplied) and mere reporting of tenders awarded on nomination basis to the Board/Chief Executive of the organization is not adequate justification for such action........."

CVC Circular no. 04/04/21 dated 6.4.2021 referred in the above OM *inter alia,* states as follows *" .... 2. However, in some exceptional and inevitable circumstances, the contracts may be awarded on nomination basis, for instance, during natural calamities and emergencies declared by the Government (emphasis supplied); where procurement is possible from a single source only; where the supplier or contractor has the exclusive rights in respect of the goods or services and no reasonable alternative or substitute exists; where the auction was held on several dates but there were no bidders or the bids offered were too low, etc........."*

25. CVC നിഷ്കർഷിക്കുന്ന പ്രകാരം നാമനിർദ്ദേശാടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുന്നതിന് മതിയായ ന്യയീകരണം ഉണ്ടോ എന്നുള്ളത് മന്ത്രിസഭ പരിശോധിച്ച് തീരുമാനിക്കേണ്ടതാണ്.

26. 2.9.2022 ലെ 104/22/ധന നമ്പർ ഉത്തരവ് പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ധനകാര്യവകുപ്പ് അംഗീകരിച്ചിട്ടുള്ള ഒരു സർക്കാരിതര ഏജൻസിയാണ് ULCCS. മുൻ കാലപ്രാബല്യത്തോടെ ULCCS ന്റെ അക്രഡിറ്റേഷൻ 31.12.2024 വരെ നീട്ടിയിട്ടുണ്ട്. (5.12.2024 ലെ 103/2024/ധന നമ്പർ ഉത്തരവ് പ്രകാരം) കേരള സർക്കാരിന് 84.71% ഓഹരികൾ ഉള്ളതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ ഒരു സഹകരണ സ്ഥാപനമാണ് ULCCS (ധനകാര്യവകുപ്പിന്റെ രേഖകൾ പ്രകാരം). 2.9.2022 ലെ 104/22/ധന നമ്പർ ഉത്തരവ് പ്രകാരം താഴെ കാണുംപ്രകാരം പ്രവർത്തികൾ ഏറ്റെടുക്കാൻ കേരളസർക്കാർ (ധനകാര്യവകുപ്പ്) ULCCS ന് അനുമതി നൽകിയിട്ടുണ്ട് : ഒറ്റത്തവണ പ്രവർത്തികളുടെ പരമാവധി മൂല്യം- 150 കോടി രൂപ, ഒരേ സമയം പരമാവധി പ്രവർത്തികൾ - 800 കോടി, വയനാട് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതോടെ ഈ പരിധികൾ കവിയുകയാണെങ്കിൽ, സർക്കാരിന്റെ (ധനകാര്യവകുപ്പിന്റെ) ഇളവ് ആവശ്യമായി വരും.

27. കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചീഫ് സെക്രട്ടറിക്ക് നൽകിയ 11.11.2024 ലെ CEO_KIIFB_2024111101, നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച പ്രമാണങ്ങൾ പൂർണ്ണമായും ധനകാര്യവകുപ്പ്, സമയപരിമിതി മൂലമായിരിക്കാം, സൂക്ഷ്മപരിശോധന നടത്തിയിട്ടില്ല. ആയത് മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് മുൻപ് സൂഷ്മ പരിശോധനയ്ക്കായി വീണ്ടും ധനകാര്യവകുപ്പിലേക്ക് നൽകിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ അഭിപ്രായം ഇനിയും ലഭ്യമായിട്ടില്ല ഇതിനു പുറമെ ഉപഭോക്താവിന്റെ ആവശ്യാനുസരണം ഡിസൈനിൽ മാറ്റം അനുവദിക്കുകയാണെങ്കിൽ

കിഫ്കോൺ , സമർപ്പിച്ച ഡ്രായിംഗിൽ വീണ്ടും മാറ്റം വരുന്നതാണ്. ആയതിനാൽ പ്രസ്തുത ഡ്രോയിംങുകൾ ഡിസൈനിൽ മാറ്റം വരുത്തുന്ന മുറയ്ക്ക് അംഗീകരിക്കുന്നതാണ്.

28. നിയമവകുപ്പിന്റെ അഭിപ്രായപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ പരിശോധനയ്ക്കും അഭിപ്രായത്തിനുമായി കിഫ്ബി സിഇഒ യുടെ 1 മുതൽ 8 വരെയുള്ള അനുബന്ധങ്ങളും കരാർ പ്രമാണങ്ങളും പാർട്ട് ഫയലായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കേണ്ടതുണ്ട്.

29. മേൽ പറഞ്ഞ രേഖകൾ എല്ലാം സാങ്കേതികമായതിനാൽ അവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അംഗീകരിക്കാൻ ധന വകുപ്പിനെ ചുമതലപ്പെടുത്താവുന്നതാണ്.

30. സർക്കാർ/തൊഴിലുടമയേയും, പിഎം.സി/തൊഴിലുടമ പ്രതിനിധിയേയും വഴികാട്ടുന്നതിനായി ഒരു സ്വതന്ത്ര എഞ്ചിനീയർ സ്വതന്ത്ര ഓഡിറ്റർ എന്നിവർ അടങ്ങിയ ഗുണമേൻമ ഉറപ്പാക്കൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്താവുന്നതാണ്.

31. ധനകാര്യ വകുപ്പ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രശോധിച്ച് അംഗീകരിച്ചശേഷം ഡിസൈനിലുമുള്ള മാറ്റവും തതനുസൃതമായ പ്രോജക്റ്റ് കോസ്റ്റിലുള്ള മാറ്റവും അംഗീകരിക്കാൻ ഉന്നതതല സമിതിയെ ചുമതലപ്പെടുത്താവുന്നതും, അപ്രകാരം മന്ത്രി സഭയ്ക്ക് തീരുമാനം എടുക്കാവുന്നതാണ്.

32. ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടതുപൊലെ FIDIC "കണ്ടീഷൻ ഓഫ് കോൺട്രാക്റ്റ്" പ്രസ്തുത പ്രോജക്ടിന് അഭികാമ്യമല്ല. പ്രസ്തുത പ്രോജക്ടിന്PWD Conditions of contract സ്വീകരിക്കാവുന്നതാണ്. (അതനുസരിച്ച് ധനനിയമ വകുപ്പുകളുടെ റിമാർക്സ് പ്രകാരം ഭരണാനുമതി നൽകുന്നതിന് മുൻപ് DSR 2018 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്ന നിബന്ധനയോടോപ്പം സാങ്കേതികാനുമതി നൽകുന്നതിനു മുൻപ് വിശദമായ എസ്റ്റിമേറ്റ് DSR 2018 പ്രകാരവും തയ്യാറാക്കേണ്ടതാണെന്നുമുള്ള നിബന്ധനയോടെ ധനകാര്യ വകുപ്പിനെ അറിയിച്ചുകൊണ്ട്) വിഷയം പരിഗണിക്കാവുന്നതാണ്.

33. ടൗൺഷിപ്പുകൾക്കായി കണ്ടെത്തിയ രണ്ട് ഭൂമികളുടെ ചില ഭാഗങ്ങൾ വികസിപ്പിക്കാൻ കഴിയില്ല പ്രസ്തുത എസ്റ്റേറ്റുകൾക്കുള്ളിലെ ഇത്തരം സ്ഥലങ്ങൾ ടൗൺഷിപ്പുകൾക്കായി ഏറ്റെടുക്കേണ്ടതില്ലെന്നാണ് റവന്യൂ വകുപ്പിന്റെ നിർദേശം. എസ്റ്റേറ്റിലെ ഉൾറോഡുകൾ (പ്രത്യേകിച്ചും സെന്ററിൽമെന്റിലൂടെ കടന്നുപേകുന്നവ) കൂടെ ടൗൺഷിപ്പിന്റെ ആവശ്യത്തിനനുസരിച്ച് വികസനത്തിനായി ഏറ്റെടുക്കേണ്ടതാണ്. കൂടാതെ, നിർദിഷ്ട ടൗൺഷിപ്പിനുള്ളിൽ നിലവിലുള്ള സെറ്റിൽമെന്റുകളുണ്ട്. പ്രസ്തുത ജനവാസമേഖലയിൽ നിലവിലുള്ള ഭൂമിയും കെട്ടിടങ്ങളും ഏറ്റെടുക്കേണ്ടതില്ലെങ്കിലും അവിടുത്തെ താമസക്കാർക്ക് ടൗൺഷിപ്പിലെ എല്ലാ പൊതു സൗകര്യങ്ങളും

അനുഭവേദ്യമാക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ ഈ രണ്ട് എസ്റ്റേറ്റുകളിലെയും ഭൂമി ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ അനുമതി നൽകിക്കൊണ്ടുള്ള ജി.ഒ. , അന്തിമ ഘട്ടത്തിലുള്ള യഥാർത്ഥ ഗ്രൗണ്ട് സർവേയുടെ ഫലവും വിലയിരുത്തലും അടിസ്ഥാനമാക്കി ഡിഎംഡിക്ക് മാറ്റം വരുത്താൻ അനുമതി നൽകാവുന്നതാണ്.

34. ദുരന്തബാധിതരായ കുടുംബങ്ങൾക്ക് ടൗൺഷിപ്പിലേക്ക് മാറാനോ, സർക്കാരിന്റെ ധനസഹായം (ഭൂമിക്കും വീടിനും) സ്വീകരിച്ച്കൊണ്ട് അവർക്ക് ഇഷ്ടമുള്ള സ്ഥലത്ത് സ്ഥിരമായ പുനരധിവാസത്തിനോ അവസരമുണ്ട്. സാമ്പത്തിക സഹായത്തിന്റെ നിരക്ക് നിശ്ചയിച്ച് വാഗ്ദാനം ചെയ്തതിന് ശേഷം മാത്രമേ മറ്റെവിടെയെങ്കിലും (ടൗൺഷിപ്പിലല്ല) സ്ഥലം മാറാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ എണ്ണം അറിയാൻ കഴിയൂ.

35. എൽസ്റ്റോൺ എസ്റ്റേറ്റിലെ ടൗൺഷിപ്പ് ഒരു മുനിസിപ്പൽ ഏര്യയയിലും (കൽപ്പറ്റ മുനിസിപ്പാലിറ്റി) നെടുമ്പാലയിൽ ഒരു പഞ്ചായത്ത് (മേപ്പാടി ഗ്രാമപഞ്ചായത്ത്) ഏര്യയയിലുമാണ്. പാർപ്പിടം, വിനോദ സൗകര്യങ്ങൾ, വാണിജ്യ / മാർക്കറ്റ് ഏരിയകൾ, പൊതു സൗകര്യങ്ങൾ (ആരോഗ്യ കേന്ദ്രം, സ്കൂൾ, അങ്കണവാടി, കളിസ്ഥലം മുതലായവ), വൈദ്യുതി, വെള്ളം, ശുചിത്വ അടിസ്ഥാന സൗകര്യങ്ങൾ (ജല ശുദ്ധീകരണ പ്ലാന്റുകൾ, പൈപ്പ് ലൈനുകൾ, മലിനജല ലൈനുകൾ, S T P എന്നിവയുൾപ്പെടെ) എന്നിവയുൾപ്പെടെയാണ് ടൗൺഷിപ്പുകൾ വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ വകുപ്പ് ഉദ്യോഗസ്ഥൻ നൽകിയ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി KIFCON പദ്ധതികൾ പുനർ ആവിഷ്കരിച്ചിട്ടുണ്ട് സർക്കാരിന്റെ പരിഗണനയ്ക്കായി ഇപ്പോൾ 3 ഓപ്ഷനുകൾ നൽകിയിട്ടുണ്ട്.

ഓപ്ഷൻ 1 - രണ്ട് ടൗൺഷിപ്പുകളുടെയും കാര്യത്തിൽ, ഗുണഭോക്തൃ കുടുംബങ്ങൾക്ക് 10 സെന്റ് പ്ലോട്ടുകൾ അനുവദിക്കും - കൽപ്പറ്റ (എൽസ്റ്റോൺ എസ്റ്റേറ്റ് - 243 പാർപ്പിട യൂണിറ്റുകൾ) , നെടുമ്പാല (266 പാർപ്പിട യൂണിറ്റുകൾ) ; ഏകദേശം പദ്ധതി ചെലവ് 599 കോടി

ഓപ്ഷൻ 2 - രണ്ട് ടൗൺഷിപ്പുകളുടെയും കാര്യത്തിൽ, ഗുണഭോക്തൃ കുടുംബങ്ങൾക്ക് 5 സെന്റ് പ്ലോട്ടുകൾ അനുവദിക്കും. കൽ പ്പറ്റ (എൽ സ്റ്റോൺ - 467 പാർപ്പിട യൂണിറ്റുകൾ) , നെടുമ്പാല (434 പാർപ്പിട യൂണിറ്റുകൾ) ; ഏകദേശം പദ്ധതി ചെലവ് 711 കോടി

ഓപ്ഷൻ 3 - കൽപ്പറ്റയിലെ 5 സെന്റ് പ്ലോട്ടുകൾ (എൽസ്റ്റോൺ എസ്റ്റേറ്റ് - 467 വാസയോഗ്യമായ യൂണിറ്റുകൾ) , നെടുമ്പാലയിൽ 10 സെന്റ് പ്ലോട്ടുകൾ (266 പാർപ്പിട യൂണിറ്റുകൾ) ; ഏകദേശം പദ്ധതി ചെലവ് 632 കോടി

നെടുമ്പാലയിൽ 20 ഹെക്ടർ (അതായത് 49.5 ഏക്കർ) പൊതുഭൂമി കാർഷിക പ്രവർത്തനങ്ങൾക്കായി

നീക്കിവയ്ക്കും. എൽസ്റ്റോൺ എസ്റ്റേറ്റ് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലും നെടുമ്പാല എസ്റ്റേറ്റ് മേപ്പാടി ഗ്രാമപഞ്ചായത്തിലും സ്ഥിതി ചെയ്യുന്നതിനാൽ ഭൂമിയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മികച്ച ഇക്വിറ്റി ഓപ്ഷൻ 3 ഉറപ്പാക്കുന്നു. കിഫ്കോൺ മൂന്നാമത്തെ ഓപ്ഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഓപ്ഷൻ 3 പ്രകാരം, എൽസ്റ്റോൺ ടൗൺഷിപ്പിന് പെരി-അർബൻ സ്വഭാവവും (5 സെന്റ് വീടുകളും) നെടുമ്പാലയ്ക്ക് കാർഷിക സ്വഭാവവും ആണ് (10 സെന്റ് പുരയിടങ്ങളുമുണ്ട്) . ആദ്യത്തേത് വ്യാപാരം, വാണിജ്യം, മൈക്രോ എന്റർപ്രൈസസ്, സേവനങ്ങൾ മുതലായവയ്ക്ക് ഉപജീവന ഓപ്ഷനായി അനുയോജ്യമാകും. കൃഷി, മൃഗസംരക്ഷണം, കാർഷിക അനുബന്ധ ഉപജീവനമാർഗങ്ങൾ എന്നിവ ഇഷ്ടപ്പെടുന്നവർക്ക് രണ്ടാമത്തേത് അനുയോജ്യമാകും. മൂന്നാമത്തെ ഓപ്ഷനിൽ, (എൽസ്റ്റോൺ ടൗൺഷിപ്പിൽ) ആശുപത്രി, സ്കൂൾ, വെറ്ററിനറി ഡിസ്പെൻസറി തുടങ്ങിയ ചില യൂണിറ്റുകൾ ഉപേക്ഷിക്കാനും അത്തരത്തിൽ അധികമായി കണ്ടെത്തുന്ന ഭൂമി അധിക പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കാവുന്നതുമാണ്.

(a) മേൽ പറഞ്ഞതിൽ ഏത് ഓപ്ഷനാണ് കൂടുതൽ അനുയോജ്യമെന്നുള്ളത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

(b) നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം സർക്കാരിനുള്ള സവിശേഷാധികാരം ഉപയോഗിച്ച് വീടുവച്ച് നൽകുന്ന ഭൂമി പുനരധിവസിപ്പിക്കുന്ന കുടുംബത്തിന് പതിച്ച് നൽകാവുന്നതാണോ എന്നും അപ്രകാരം പതിച്ച് നൽകുകയാണെങ്കിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ചും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

(c) വീട്ടു നിർമ്മിച്ച് നൽകുമ്പോൾ കെട്ടിടത്തിന്റെ ചുറ്റളവും സൗകര്യങ്ങളും സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

36. ഉരുൾപൊട്ടലിന്റെ ഉത്ഭവസ്ഥാനത്തോടടുത്ത പൂഞ്ചിരിമറ്റം ട്രൈബൽ ഉന്നതിയിലെ ആദിവാസി കുടുംബങ്ങൾക്കും (പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം: 5; ഉടമസ്ഥാവകാശം (ROR) ലഭിച്ചിട്ടുള്ളവരുടെ എണ്ണം: 4; ഉടമസ്ഥാവകാശം ലഭ്യമായിട്ടുള്ള ആകെ വിസ്തീർണ്ണം: 0.8787 ഹെക്ടർ) ഈരാട്ടുകുണ്ടിലെ ട്രൈബൽ ഉന്നതിയിലെ കുടുംബങ്ങൾക്കും(ST കുടുംബങ്ങളുടെ എണ്ണം 5 ; ഉടമസ്ഥാവകാശരേഖ ലഭ്യമായവരുടെ എണ്ണം 2 , ഉടമസ്ഥാവകാശരേഖ നൽകിയ ആകെ ഭൂമിയുടെ വിസ്തീർണ്ണം-0.9458 ഹെക്ടർ) 2006-ലെ വനാവകാശ നിയമപ്രകാരം ഉടമസ്ഥാവകാശ രേഖ മുമ്പ് നൽകിയിരുന്നു. ഉരുൾപൊട്ടൽ ദുരന്തത്തിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ ജീവനോ, പാർപ്പിടമോ, ഭൂമിയോ നഷ്ടപ്പെട്ടിട്ടില്ലെങ്കിലും, മറ്റുള്ളവരെ പുനരധിവസിപ്പിക്കപ്പെടുന്നതോടെ അവർ ഒറ്റപ്പെടും. അവരെ പുനരധിവാസ പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ട കുടുംബങ്ങളായി കണക്കാക്കപ്പെടാ വുന്നതാണ്, പുഴയോരങ്ങളിലോ അരുവിയോടൊപ്പമുള്ള

വനമേഖലയിലേക്ക് മാറിപാർക്കാൻ ഇവർ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ആസൂത്രണം ചെയ്യുന്ന പരമ്പരാഗത ടൗൺഷിപ്പിൽ സ്ഥിരതാമസമാക്കാൻ അവർ ആഗ്രഹിക്കുന്നില്ലെന്ന് തോന്നുന്നു. എന്നിരുന്നാലും, വനവാസികളായ പട്ടികവർഗ്ഗക്കാരായതിനാൽ, അവരുടെ വനാവകാശവുമായി മാറ്റിപാർപ്പിക്കലും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് FRA ഗ്രാമസഭ ആവശ്യമാണ്. 2005-ലെ വനാവകാശ നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അവർക്ക് അനുയോജ്യമായ ബദൽ വനഭൂമി നൽകാവുന്നതാണ്. വ്യക്തികളുടെ അവകാശങ്ങൾ ഒരിക്കൽ അംഗീകരിച്ചുകഴിഞ്ഞാൽ (ഇതര ഭൂമി) ; സമുദായം, വികസന അവകാശങ്ങൾ തുടങ്ങിയവ 2006ലെ എഫ്ആർഎയിൽ പറഞ്ഞിരിക്കുന്നവ പാലിച്ച് നൽകാവുന്നതാണ്. ഇക്കാര്യത്തിൽ ട്രൈബൽ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകൾക്ക് ചുമതല നേതൃത്വം നൽകാവുന്നതാണ്.

സമഗ്രത ഉറപ്പാക്കാൻ, ആദിവാസി കുടുംബങ്ങൾക്ക് മൂന്ന് ഓപ്ഷനുകൾ നൽകാം

(i) ടൗൺഷിപ്പിനുള്ള ഓപ്ഷൻ

(ii) മാറ്റിപ്പാർപ്പിക്കാനുള്ള സാമ്പത്തിക സഹായത്തിനുള്ള ഓപ്ഷൻ

(iii) ഇതര വനഭൂമിയുടെ ഓപ്ഷനും (2006-ലെ എഫ്ആർഎ നിയമത്തിന് കീഴിലുള്ള ഉടമസ്ഥാവകാശരേഖ) ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായവും. ഇക്കാര്യത്തിൽ ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായത്തിന്റെ അളവും തീരുമാനിക്കേണ്ടതുണ്ട്.

37. ഘട്ടം ഒന്നിലെയും രണ്ടിലെയും സ്വയമായി മാറി താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക്, വീടിനും ഭൂമിക്കുമായുള്ള സർക്കാരിന്റെ വാഗ്ദാനമനുസരിച്ച് സാമ്പത്തിക സഹായംസ്വീകരിച്ചുകൊണ്ട് അവർക്ക് ഇഷ്ടമുള്ള സുരക്ഷിത സ്ഥാനത്തേക്ക് സ്ഥിരമായി മാറി താമസിക്കാനുള്ള ഓപ്ഷൻ നൽകാവുന്നതാണ്. 23.09.2019 ലെ.25/2019/DMD നമ്പർ ഉത്തരവ് പ്രകാരം സ്ഥിരമായ പുനരധിവാസത്തിനുള്ള ഒരു കുടുംബത്തിനുള്ള സഹായ നിരക്കുകൾ ഭൂമിക്ക് 6 ലക്ഷം രൂപയും വീടിന് 4 ലക്ഷം രൂപയുമാണ് (അതായത്, ഒരു കുടുംബത്തിന് ആകെ 10 ലക്ഷം രൂപ). മന്ത്രിസഭയുടെ തീരുമാനമനുസരിച്ച് ധനസഹായ നിരക്കുകൾ വർധിപ്പിക്കാവുന്നതാണ്.

38. ടൗൺഷിപ്പിനായി സ്പോൺസർമാരേയും സ്പോൺസർഷിപ്പും കണക്കാക്കാനും ചുമതലപ്പെടുത്താനും നിയന്ത്രിക്കാനുമുള്ള സ്പോൺസർഷിപ്പ്ചട്ടക്കൂട് നിർണായകമാണ് (അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു). ടി ചട്ടക്കൂടിന്റ പ്രധാന സവിശേഷതകൾ,

എ. സ്റ്റേക്ക് ഹോൾഡേഴ്സിനും സ്പോൺസർമാർക്കും പ്രാപ്തമാകുന്ന തരത്തിൽ മോണിറ്റർ ചെയ്യുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി ഓൺലൈൻ പോർട്ടലും സ്പോൺസർഷിപ്പ് കൈകാര്യം

ചെയ്യുന്നതിനായുള്ള ഡാഷ്ബോർഡും

ബി. PIU മുഖേനയുള്ള സ്പോൺസർഷിപ്പ് മാനേജ്മെന്റ് (ഡിഡിഎംഎയുടെ കീഴിൽ, ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്) വയനാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, പ്രോഗ്രാം ഓഫീസർ, ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് ഓഫീസർ, കളക്ടറേറ്റിലെ ക്ലറിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെട്ടതായിരിക്കും.

സി. ത്രികക്ഷി കരാറുകൾ (DDMA, സ്പോൺസർ, കോൺട്രാക്ടർ)

ഡി. കേറ്റഗറി അടിസ്ഥാനമാക്കി സ്പോൺസർമാർക്ക് അംഗീകാരം നൽകൽ (സർട്ടിഫിക്കറ്റുകളിലൂടെ)

ഇ. മേൽനോട്ടവും അവലോകനവും (ദുരന്തനിവാരണ വകുപ്പ്, മുഖ്യമന്ത്രി എന്നീ തലങ്ങളിൽ)

39. 38 സ്പോൺസർമാർ ഒരു വീട് മുതൽ 150 വീട് വരെ ഓഫർ ചെയ്തിട്ടുണ്ട്.

40. സ്പോൺസർഷിപ്പ് ചട്ടക്കൂടിന്റെ സൂക്ഷ്മപരിശോധനയ്ക്കും എസ്ക്രോ അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അംഗീകാരത്തിനുമായി നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം ഫയലിൽ ആരാഞ്ഞിരുന്നു.

41. സ്പോൺസർഷിപ്പ് ചട്ടക്കൂടിനെക്കുറിച്ചുള്ള പരാമർശങ്ങൾ (എസ്ക്രോ അക്കൗണ്ട് ഉൾപ്പെടെ) പ്രസ്തുത വകുപ്പുകൾ ഇനിപ്പറയുന്ന രീതിയിൽ നൽകിയിട്ടുണ്ട്

<u>നിയമ വകുപ്പ്</u> "*8* . ചോദ്യം നമ്പർ *5* -ന് നൽകിയ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ *Sponsorship Frame Work* നിയമ വകുപ്പ് സൂക്ഷ്മപരിശോധന നടത്തേണ്ട പ്രമാണമല്ല . *Escrow Account* സംബന്ധിച്ച അഭിപ്രയം ധനകാര്യ വകുപ്പിൽ നിന്നും തേടേണ്ടതാണ്".

ധനകാര്യ വകുപ്പ്

6. Finance Department agrees to the Sponsorship Framework to account, engage and manage sponsors and sponsorship for the Township with the following suggestions

(a) Include clear provisions for dispute resolution

(b) Potential risks (project delay, non delivery of sponsorship) may be addressed in the agreement.

(c) The deliverables for sponsors may be clearly outlined.

(d) Long lasting relationship may be built with the sponsors by engaging them even after the sponsorship period ends and explores opportunities for future collaboration through annual sponsorship.

(e) The selection and recruitment of the employees of PIU shall be in accordance with existing guidelines issued by Govt. The remuneration of temporary staff of PIU shall be determined with the concurrence of FD. Para 6.3 of the Frame Work may be changed as "dedicated bank account" shall be created with relevant approvals from the Government for the PIU to receive specific donations especially CSR funds as per the provisions of Companies Act, 2013 instead of "Escrow Account ".

7." Financing and Fund Flow Management " proposal submitted by Administrative Department is agreed subject to the following condition.

"All payments to the selected contractors should be made by the District Collector/DDMA directly based on the advice of the PMC."

This has the approval of Hon' ble Finance Minister".

42. ധനകാര്യ വകുപ്പിന്റെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി, സ്പോൺസർഷിപ്പ് ചട്ടക്കൂട് മന്ത്രിസഭയ്ക്ക് വിലയിരുത്തി അംഗീകരിക്കാവുന്നതാണ്. 'എസ്ക്രോ അക്കൗണ്ടിന്' പകരം ഒരു 'Dedicated Bank Account' തുറക്കുന്നത് അംഗീകരിക്കാവുന്നതാണ്.

ചില സ്പോൺസർമാർ (നിർമ്മാണ വ്യവസായത്തിൽ ഉള്ളവർ) ഗവൺമെന്റ് നൽകുന്ന മാനദണ്ഡങ്ങളും രൂപകൽപ്പനയും മറ്റ് സവിശേഷതകളും പാലിച്ച് ടൗൺഷിപ്പിൽ വീടുകൾ നിർമ്മിക്കാൻ താൽപ്പര്യപ്പെടുന്നു. PMC യുടെ (തൊഴിലുടമയുടെ പ്രതിനിധി) മൊത്തത്തിലുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കാൻ അവർ തയ്യാറാണെങ്കിൽ അത്തരം സ്പോൺസർമാരെ കേസ്-ടു-കേസ് അടിസ്ഥാനത്തിൽ ഉൾക്കൊള്ളിക്കാം.

44. സാമ്പത്തിക സഹായത്തിനുള്ള ഫണ്ടുകൾ താഴെപ്പറയുന്ന രീതിയിൽ ലഭ്യമാണ്.

(i). CMDRF

(ii). PDNA (കേന്ദ്ര സഹായം ലഭ്യമാവുകയാണെങ്കിൽ)

(iii). SDRF (വീട് നഷ്ടപ്പെട്ട ഗുണഭോക്താവിന് അനുവദനീയമായ തുക)

(iv). സ്പോൺസർഷിപ്പ്

45. ദുരന്ത നിവാരണ വകുപ്പിനെ പദ്ധതിയുടെ ഭരണ വകുപ്പായി നിശ്ചയിക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പും ധന വകുപ്പും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായുള്ള സാങ്കേതിക സഹായം ആവശ്യമുള്ള പക്ഷം നൽകുന്നതാണ്.

46. ടൗൺഷിപ്പ് പദ്ധതിയുടെ അടിയന്തരസ്വഭാവവും പ്രാധാന്യവും വ്യാപ്തിയും സങ്കീർണതകളും കണക്കിലെടുത്ത്, പദ്ധതിയുടെ സമയബന്ധിതമായ നിർവ്വഹണത്തിന് മതിയായ സീനിയോറിറ്റിയുള്ള ഒരു മുഴുവൻ സമയ 'സ്പെഷ്യൽ ഓഫീസറെ (വയനാട് ടൗൺഷിപ്പ്) ' വയനാട് ജില്ലാ കളക്ടറെ സഹായിക്കാൻ നിയമിക്കാവുന്നതാണ്.

47. ടി വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനു സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ബഹു റവന്യൂ വകുപ്പ് മന്ത്രി എന്നിവർ മുഖേന ബഹു. മുഖ്യമന്ത്രിക്കു സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെകാണും വിധം അഭിപ്രായപ്പെട്ടു.

"*Notes as above may be approved for consideration by the Council of Ministers.*
As has been mentioned by Principal Secretary DMD, the inputs of PWD on EPC will be brought into the draft cabinet note, if approved. The special officer (Wayanad Township) may also be the head of the PIU indicated in the sponsorship framework.

Decisions of the Council of Ministers is required on the following:

1. *Approval of undertaking the work of township as EPC*
2. *Approval of KIIFCON as employers representative*
3. *Approval of terms of engagement of employer's representative*
4. *approval of undertaking the work by nominee, and entrusting ULCC in which Government has over 84% shares to undertake the work*
5. *Approval of the design document of the township including*
    1. *decision on unit land for house construction*
    2. *decision on dwelling unit design - and permitting 2 to 3 variations in internal design*

3. *decision in respect of the 3 options for house construction and whether any other proposed development is to be converted into housing*

4. *decision on procurement of land that cannot be developed, and of settlement area within land parcel*

5. *decision on livelihood infrastructure and terms of use - lease, rental and duration of entitlement.*

6. *Decision on how house plots are to be allotted to affected families*

6 Decision on tribal rehabilitation

7.Decision of providing financial assistance in lieu of rehabilitation by Government and determining extent of amount

8.Decision on sponsorship framework and management structure

1. *approval of framework*
2. *approval of PIU*
3. *permission to open dedicated bank account*
4. *Constitution of monitoring and coordination committees as proposed in framework*
5. *approval for tri partite agreement, as vetted by law department*

9.Decision on funding sources - CMDRF, sponsorship, CSR, SDRF and PDNA (as and when available)

10.Decision on special officer for Wayanad township and whether if positioned, may work as head of PIU for sponsorship framework as well

The Council of Ministers may also note action taken for the livelihood rehabilitation of the families affected by the Meppadi - Chooralmala landslide.

For orders to place the matter in Cabinet."

48. റവന്യൂ വകുപ്പ് മന്ത്രി താഴെ പറയുന്ന പ്രകാരം അഭിപ്രായപ്പെട്ടു

"നോട്ട് 23 ലെ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശത്തിൽ 5 ൽ ഉപ നിർദേശങ്ങളായ 2,5,6 എന്നിവ പിന്നീട് വിശദമായ ചർച്ചക്ക് ശേഷം പരിഗണിച്ചാൽ മതിയാകും.

നോട്ട് 20 ലെ തീരുമാനിക്കേണ്ട വിഷയങ്ങളിൽ III ൽ (a),(b),(c),(d),(e), എന്നിവയും IV ഉം VI ഉം പിന്നീട് പരിഗണിച്ചാൽ മതിയാകും.

നോട്ട് 2 0 ലെ IX ൽ സൂചിപ്പിക്കപ്പെട്ടതു പോലെ ഫണ്ടിന്റെ കണക്കുകൾ വിശദമായി രേഖപ്പെടുത്തേണ്ടതില്ല. CMDRF, SDRF ലെ വീട് നിർമാണത്തിന് അനുവദനീയമായ സംഖ്യ, വിവിധ തലങ്ങളിലെ സ്പോൺസർഷിപ്പുകളിൽ നിന്നുള്ള സംഖ്യ , കേന്ദ്ര സർക്കാരിൽ നിന്ന് അഡിഷണൽ അസിസ്റ്റൻസ് ലഭ്യമായാൽ അതും ആയിരിക്കും ഫണ്ടിന്റെ ഉറവിടം എന്ന് തത്വത്തിൽ കാണിച്ചാൽ മതിയാകും.

നോട്ട് 20 ലെ X സംബന്ധിച്ച് പ്രവർത്തനങ്ങളുടെ ഭരണ വകുപ്പ് ആയി ദുരന്തനിവാരണ /റവന്യൂ വകുപ്പുകൾ പ്രവർത്തിക്കുന്നതാണ് ഉചിതം. ഇതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് ആവശ്യമെങ്കിൽ പൊതുമരാമത്ത് വകുപ്പിനെ നിശ്ചയിക്കാവുന്നതാണ്."

49. ബഹു. മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവായി

"1) നിർമ്മാണ പ്രവർത്തനങ്ങളുടെ ഭരണ വകുപ്പായി ദുരന്തനിവാരണ വകുപ്പിനെ ചുമതലപ്പെടുത്താം.

2) KIIFCON- നെ എംപ്ലോയേഴ്സ് റപ്രസന്റേറ്റീവായി നിശ്ചയിക്കാം.

3) CMDRF, SDRF ലെ വീട് നിർമ്മാണത്തിന് അനുവദനീയമായ സംഖ്യ, വിവിധ സ്പോൺസർഷിപ്പുകളിൽ നിന്ന് ലഭിക്കുന്ന സംഖ്യ, കേന്ദ്ര സർക്കാരിൽ നിന്ന് അധിക സഹായം ലഭ്യമായാൽ അത് എന്നിവ ഉൾപ്പെട്ടതായിരിക്കും പദ്ധതിക്ക് വേണ്ട സാമ്പത്തിക ഉറവിടം.

4) ഡിസൈൻ ഡോക്യുമെൻറിൽ ഉൾപ്പെടുന്ന വാസസ്ഥലങ്ങളുടെ രൂപരേഖ, ജീവനോപാധികൾക്കായുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ, ഹൗസിംഗ് പ്ലോട്ടുകൾ അനുവദിക്കുന്നത് എന്നീ കാര്യങ്ങൾ റവന്യൂ/ദുരന്തനിവാരണ വകുപ്പുകളുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണ്.

5) റവന്യൂ വകുപ്പുമന്ത്രിയുടെ അഭിപ്രായങ്ങളിന്മേൽ മന്ത്രിസഭ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കനുസൃതമായി ആവശ്യമെങ്കിൽ മാറ്റങ്ങളോ തിരുത്തലുകളോ വരുത്തുന്നതിനായി ചീഫ് സെക്രട്ടറിയെ അധികാരപ്പെടുത്താവുന്നതാണ്.

26.12.2024 ലെ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക. "

<u>തീരുമാനിക്കേണ്ട വിഷയം</u>

1) വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ ഭരണവകുപ്പായി ദുരന്ത നിവാരണ വകുപ്പിനെ ചുമതലപെടുത്താവുന്നതാണോ ? സാങ്കേതിക സഹായം നൽകുന്നതിനായി പൊതുമരാമത്തു വകുപ്പിനെ ചുമതലപെടുത്താവുന്നതാണോ ?

2) ധന, നിയമ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തി EPC (എഞ്ചിനീയറിംഗ്,സമാഹരണവും, നിർമ്മാണവും) കരാറിൽ നടപ്പിലാക്കാവുന്നതാണോ ?

3) ഭരണാനുമതി നൽകുന്നതിന് മുൻപായി DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും സാങ്കേതികാനുമതി നൽകുന്നതിന് മുൻപായി വിശദമായ എസ്റ്റിമേറ്റ് DSR 2018 പ്രകാരം തയ്യാറാക്കി ധന വകുപ്പിന്റെ അറിവോടെ നൽകണമെന്നുമുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം നൽകാമോ ?

4) ധന, നിയമ വകുപ്പുകളുടെ അഭിപ്രായ പ്രകാരം പദ്ധതി കാലയളവിലേക്ക് പദ്ധതി ചെലവിന്റെ (ഭൂമി വില ഒഴിവാക്കികൊണ്ടുള്ള പദ്ധതി തുക) 1 % ത്തിൽ

അധികരിക്കാത്ത യഥാർത്ഥ ചെലവ് നഷ്ട രഹിത ലാഭ രഹിത അടിസ്ഥാനത്തിൽ നൽകി കൊണ്ട് KIIFCON നെ PMC / എംപ്ലോയർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യാമോ? PMC ജോലികൾ ഏറ്റെടുക്കുന്നതിന് KIIFCON നെ ധനകാര്യ വകുപ്പിന്റെ ഔപചാരിക എംപാനൽമെന്റ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

5) ധന, നിയമ വകുപ്പുകളുടെ അഭിപ്രായ പ്രകാരം ULCCS നെ EPC കരാറുകാരായി നാമനിർദ്ദേശം ചെയാവുന്നതാണോ ?

6) പദ്ധതി നടത്തിപ്പിലെ സുതാര്യതയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് സർക്കാർ/തൊഴിലുടമയേയും, PMC/തൊഴിലുടമയുടെ പ്രതിനിധിയേയും വഴികാട്ടുന്നതിന് ഒരു പ്രാപ്തമായ മൂന്നാം കക്ഷി എന്ന നിലയിൽ ഒരു സ്വതന്ത്ര എഞ്ചിനീയർ, സ്വതന്ത്ര ഓഡിറ്റർ എന്നിവരടങ്ങിയ ഒരു ഗുണനിലവാരം ഉറപ്പാക്കൽ സംവിധാനം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതിയെ അധികാരപ്പെടുത്താമോ ?

7) പ്രൊജെക്ടുമായി ബന്ധപ്പെട്ട എല്ലാ കരാർ രേഖകളും, പരിശോധിച്ച് ശുപാർശ ചെയ്ത് അംഗീകാരത്തിനായി, ചീഫ് സെക്രട്ടറിക്കും ഭരണ വകുപ്പിനും നൽകുന്നതിന് ധനകാര്യ വകുപ്പിനെ അധികാരപ്പെടുത്താവുന്നതണോ ?

8) 23.08.2019 ലെ സ.ഉ(കൈ) 25/2019/DMD പ്രകാരം സ്ഥിരമായ പുനരധിവാസത്തിനുള്ള നിലവിലെ നിരക്ക് ഒരു കുടുംബത്തിന് 10 ലക്ഷം രൂപയാണ്. (6 ലക്ഷം ഭൂമി വാങ്ങുന്നതിനും 4 ലക്ഷം വീട് വാങ്ങുന്നതിനും). വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ കാര്യത്തിൽ ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്നവർക്ക് നിലവിൽ അനുവദിക്കുന്ന ധനസഹായം വർദ്ധിപ്പിച്ച് നൽകാമോ? ഇതേ തുക തന്നെ വിലങ്ങാട്ടിലെ പുനരധിവസിപ്പിക്കേണ്ട ദുരന്ത ബാധിതർക്കും അനുവദിക്കാമോ ?

9) ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള രണ്ട് എസ്റ്റേറ്റുകളുടേയും ഭൂമിയിൽ യഥാർത്ഥ ഗ്രൗണ്ട് സർവ്വെ നടത്തിയ ശേഷം ഉപയോഗയോഗ്യമായ ഭൂമി കണ്ടെത്തി നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് ദുരന്തനിവാരണ വകുപ്പിനേയോ ചീഫ് സെക്രട്ടറിയേയോ രണ്ടു പേരേയും കൂടിയോ ചുമതലപ്പെടുത്താവുന്നതാണോ ?

10) പാരാ 35 ൽ നൽകിയിട്ടുള്ള 3 ഓപ്ഷനുകളിൽ നിന്നും അനുയോജ്യമായ ഓപ്ഷൻ തിരഞ്ഞെടുക്കേണ്ടതാണ് ?

11) ട്രൈബൽ കുടുംബങ്ങൾക്ക് പുനരധിവാസം നടപ്പിലാക്കുമ്പോൾ അവർക്ക ടൗൺഷിപ്പിൽ അല്ലെങ്കിൽ (അവരുടെ താൽപര്യപ്രകാരം) വന മേഖലയോട് ചേർന്ന് അരുവിയുടെയോ, തോടിന്റെയോ സമീപത്തോ ആവശ്യാനുസരണം ഗ്രാമസഭയുടെ അംഗീകാരത്തോടെ 2006 ലെ വനാവകാശ നിയമത്തിന് വിധേയമായി ഭൂമി അനുവദിക്കാമോ ?

12) ഫിനാൻസ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച പ്രകാരമുള്ള സ്പോൺസർഷിപ്പ് ഫ്രെയിം വർക്ക് അംഗീകരിക്കാമോ ? ഫ്രെയിം വർക്ക് പ്രകാരമുള്ള മോണിറ്ററിങ്ങ് ആന്റ് കോഡിനേഷൻ കമ്മിറ്റികളും PIU യും അംഗീകരിച്ച് രൂപീകരിക്കാമോ ?

13) സ്പോൺസർഷിപ്പ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുന്നതിന് ആയത് വയനാട് പുനരധിവാസ പദ്ധതിക്ക വേണ്ടി ഉപയോഗിക്കുന്നതിനുമായി ഒരു Dedicated ബാങ്ക് അക്കൗണ്ട് തുറക്കാവുന്നതാണോ ?

14) വയനാട് പുനരധിവാസ പദ്ധതിക്കായി CMDRF, SDRF, സ്പോൺസർഷിപ്, CSR ഫണ്ട്, PDNA യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന കേന്ദ്ര സഹായം (ലഭ്യമാക്കുന്ന മുറയ്ക്ക്) എന്നിവ വയനാട് ടൗൺഷിപ് പ്രൊജക്റ്റിനായി വിനിയോഗിക്കാമോ ? ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് രണ്ട് ഘട്ടമായിട്ടാണെങ്കിലും പുന:രധിവാസം ഒരുമിച്ച് നടപ്പിലാക്കാമോ ?

15) വയനാട് ടൗൺഷിപ് പ്രൊജക്റ്റിന്റെ പദ്ധതി നടത്തിപ്പിനായി ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപെടുത്താവുന്നതാണോ? അപ്രകാരം ചുമതലപെടുത്തുന്ന ഉദ്യോഗസ്ഥനെ P I U ന്റെ തലവനായി നിശ്ചയികമോ ?